28
ചൊവ്വ
മാർച്ച് 2023
1198 മീനം 14
Vo5 Issue No 191

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com





യാത്രാമൊഴി .... നടൻ ഇന്നസെന്റിന്റെ മൃതദേഹം പൊതുദർശനത്തിന് വെയ്ക്കുന്നതിന് മുമ്പ്

## 'മോദാനി', പൊതുജനങ്ങളുടെ റിട്ടയർമെന്റ് പണം അദാനിയുടെ കമ്പനിയിൽ നിക്ഷേപിക്കുന്നതെന്തിന്? ആഞ്ഞടിച്ച് രാഹുൽ ഗാന്ധി

ദില്ലി : മോദിക്കും ?കേന്ദ്രത്തിനുമെതിരെ ആഞ്ഞടിച്ച് രാഹുൽ ?ഗാന്ധി. അയോ?ഗ്യനാക്കിയതിന് പിന്നാലെ താൻ ചോദ്യങ്ങൾ തുടരുമെന്ന് രാഹുൽ പറഞ്ഞിരുന്നു. മോദാനി ബന്ധം വെളിപ്പെട്ടതിന് ശേഷവും പൊതുജനങ്ങളുടെ റിട്ടയർമെന്റ് പണം അദാനിയുടെ കമ്പനിയിൽ നിക്ഷേപിക്കുന്നതെന്തിനെന്ന് രാഹുൽ ഗാന്ധി ചോദിച്ചു.

അദാനിയെ കുറിച്ച് അന്വേഷണമില്ലെന്നും ചോദ്യങ്ങൾക്കുത്തരമില്ലെന്നും എന്തിനാണ് ഇത്ര ഭയമെന്ന് പ്രധാനമന്ത്രിയോട് രാഹുൽ ടിറ്ററിലൂടെ ചോദ്യമുന്നയിച്ചു. എൽഐസിയിലെയും എസ്ബിഐയിലെയും ഇപിഎഫ്ഒയിലെയും പണം അദാനിയുടെ കമ്പനിയിൽ നിക്ഷേപിക്കുന്നതെന്തിനെന്ന ചോദ്യമാണ് രാഹുൽ ഉന്നയിക്കുന്നത്. എന്തിനാണ് ഇത്ര ഭയമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദിയോട് രാഹുൽ ചോദിച്ചു.

എൽഐസിയുടെ മൂലധനം, അദാനിക്ക്! എസ്ബിഐയുടെ മൂലധനം, അദാനിയിലേക്ക്! ഇപിഎഫ്ഒയുടെ മൂലധനവും അദാനിക്ക്! 'മോദാനി' വെളിപ്പെട്ടതിന് ശേഷവും പൊതുജനങ്ങളുടെ റിട്ടയർമെന്റ് പണം എന്തിനാണ് അദാനിയുടെ കമ്പനികളിൽ നിക്ഷേപിക്കുന്നത്? പ്രധാനമന്ത്രി, അന്വേഷണമില്ല, ഉത്തരമില്ല! എന്തിനാണ് ഇത്ര ഭയം? – രാഹുൽ ?ഗാന്ധി ടീറ്റ് ചെയ്തു.

## ചൈനയ്ക്കുമേൽ മേൽക്കൈ നേടാനുള്ള പുതിയ പദ്ധതി; നിർണായക നീക്കവുമായി കേന്ദ്രസർക്കാർ



**ഇറ്റാനഗർ:** ചൈനയുടെ പ്രകോപനം തുടർക്കഥയായ അരുണാചൽ പ്രദേശിലെ നിയന്ത്രണരേഖയ്ക്ക് സമീപം പുതിയ പാലം നിർമിക്കുന്നതിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട് കേന്ദ്ര സർക്കാർ.പുതിയ പാലത്തിന്റെ നിർമാണത്തിനായുള്ള കരാർ കേന്ദ്രസർക്കാർ ക്ഷണിച്ചു. 199 കോടി രൂപയുടേതാണ് കരാർ. സൈനിക, അർദ്ധ സൈനിക വിഭാഗത്തിനും പ്രദേശവാസികൾക്കും കൂടുതൽ ഗതാഗത സൗകര്യം ഒരുക്കുന്ന പുതിയ പാലം അതിർത്തി പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായാണ് നിർമിക്കപ്പെടുന്നത്.

അടിയന്തര സാഹചര്യമുണ്ടായാൽ പടക്കോപ്പുകളടക്കം ലൈൻ ഓഫ് ആക്ച്യുവൽ കൺട്രോളിലേയ്ക്ക് സുഗമമായി എത്തിക്കാൻ സഹായിക്കുന്നതാണ് പുതിയ പാലം. അതിനാൽ സൈനിക തലത്തിൽ ചൈനയുടെ കടന്നുകയറ്റത്തിന് തക്കതായ പ്രതിരോധമൊരുക്കുന്നതിന് ഏറെ നിർണായകമായാണ് പാലത്തിന്റെ നിർമാണത്തെ കേന്ദ്രസർക്കാർ കാണുന്നത്. പാലം യാഥാർത്ഥ്യമാകുന്നതോടെ ചെറു പീരങ്കികളെയും സൈനികകരെയും പ്രതികൂല സാഹചര്യങ്ങളിൽ കുറഞ്ഞ സമയത്തിനുള്ളിൽ അതിർത്തിയിലെത്തിക്കാനാകും.

പുതിയ രണ്ട് വരി പാലം യാഥാർത്ഥ്യമാകുന്നതോടെ യാത്രാദൂരത്തിൽ നിലവിലുള്ളതിനേക്കാൾ180 കി.മീറ്ററിന്റെ വ്യത്യാസമുണ്ടാകുമെന്നാണ് വിലയിരുത്തുന്നത്. 386 മീറ്റർ ദൂരമുള്ള പാലത്തിന്റെ നിർമാണം അടുത്ത മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തവാങ് മേഖലയിലടക്കം പീപ്പിൾസ് ലിബറേഷൻ ആർമിയുടെ കടന്നുകയറ്റം ആവർത്തിക്കപ്പെട്ടതിന് പിന്നാലെയാണ് ഇത്തരം പദ്ധതികളിൽ പ്രതിരോധ മന്ത്രാലയം കൂടുതൽ ഊന്നൽ നൽകിയത്.

## ഒരുമാസത്തിനകം ഡൽഹിയിലെ ഔദ്യോഗിക വസതി ഒഴിയണമെന്ന് രാഹുലിന് നോട്ടീസ്

**ന്യൂഡൽഹി:** ലോക്സഭയിൽനിന്ന് അയോഗ്യനാക്കിയതിനു പിന്നാലെ സർക്കാർ അനുവദിച്ച ബംഗ്ലാവ് ഒഴിയണമെന്ന് രാഹുൽ ഗാന്ധിക്ക് നിർദേശം. ലോക്സഭാ ഹൗസിങ് കമ്മിറ്റി ഇതുസംബന്ധിച്ച നോട്ടീസ് രാഹുലിന് കൈമാറി. ഏപ്രിൽ 22-ന് മുൻപ് ബംഗ്ലാവ് ഒഴിയണമെന്നാണ് നിർദേശം.2004-ൽ ലോക്സഭാംഗമായതു മുതൽ തുഗ്ലക്ക് ലെയിൻ 12-ലെ ഈ ബംഗ്ലാവ് ഉപയോഗിച്ചുവരുകയായിരുന്നു രാഹുൽ ഗാന്ധി. എംപി സ്ഥാനത്തുനിന്ന് രാഹുലിനെ അയോഗ്യനാക്കിയ നടപടിയെ തുടർന്നാണ് ഇപ്പോൾ ബംഗ്ലാവ് ഒഴിയാൻ നിർദേശിച്ചിരിക്കുന്നത്.

2019-ൽ കർണാടകയിലെ തിരഞ്ഞെടുപ്പ് പ്രസംഗത്തിൽ മോദി സമുദായത്തെ അപകീർത്തിപ്പെടുത്തിയെന്ന കേസിൽ രാഹുലിന് ഗുജറാത്തിലെ സൂറത്ത് കോടതി രണ്ടുവർഷം തടവുശിക്ഷ വിധിച്ചിരുന്നു. ഇതിനു പിന്നാലെ ലോക്സഭാ സെക്രട്ടേറിയറ്റ് രാഹുലിനെ അയോഗ്യനാക്കുകയായിരുന്നു. അപ്പീൽ നൽകാനായി ശിക്ഷ 30 ദിവസത്തേക്ക് മരവിപ്പിച്ച് സൂറത്ത് കോടതി ജാമ്യവും അനുവദിച്ചിരുന്നു.

## ബിൽക്കീസ് ബാനു കൂട്ടബലാത്സംഗക്കേസ് ഭയപ്പെടുത്തുന്നത്; ശിക്ഷാ ഇളവിനെതിരായ ഹർജിയിൽ നോട്ടീസ്



**ന്യൂഡൽഹി:** 2002-ലെ ഗുജറാത്ത് കലാപത്തിലുണ്ടായ ബിൽക്കീസ് ബാനു കൂട്ടബലാത്സംഗക്കേസ് ഭയപ്പെടുത്തുന്നതാണെന്ന് സുപ്രീംകോടതി. കൂട്ടബലാത്സംഗക്കേസിലെ 11 കുറ്റവാളികളെ ശിക്ഷാ ഇളവ് നൽകി വിട്ടയച്ചതിനെതിരായ ഹർജികളിൽ സുപ്രീംകോടതി നോട്ടീസയച്ചു. കുറ്റവാളികളെ ജയിൽ മോചിതരാക്കിയതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കാൻ ജസ്റ്റിസുമാരായ കെ.എം. ജോസഫ്, ബി.വി. നാഗരത്ന എന്നിവരടങ്ങിയ ബെഞ്ച് നിർദേശിച്ചു.

കേന്ദ്ര സർക്കാരിനും ഗുജറാത്ത് സർക്കാരിനും ജയിൽ മോചിതരായ പ്രതികൾക്കുമാണ് സുപ്രീംകോടതി നോട്ടീസയച്ചത്. പ്രതികൾക്ക് ക്രിമിനൽ പശ്ചാത്തലമുൾപ്പെടെ ഉണ്ടോ എന്നറിയിക്കാൻ ഗുജറാത്ത് സർക്കാരിനോട് സുപ്രീംകോടതി നിർദേശിച്ചു. രാജ്യത്തെ വിവിധ ജയിലുകളിൽ ശിക്ഷയനുഭവിച്ച് കഴിയുന്ന പ്രതികൾ ജയിൽ മോചനത്തിനായി കോടതികളെ സമീപിക്കാറുണ്ട്. സർക്കാരുകൾ തീരുമാനമെടുക്കാറില്ലെന്നാണ് ജയിലിൽ കഴിയുന്നവരുടെ പരാതി.

അതുകൊണ്ടുതന്നെ ഈ കേസിൽ ശിക്ഷിക്കപ്പെട്ടവരെ എങ്ങനെ ജയിൽ മോചിതരാക്കി എന്നറിയണമെന്ന് ബെഞ്ചിന് നേതൃത്വം നൽകിയ ജസ്റ്റിസ് കെ.എം. ജോസഫ് അഭിപ്രായപ്പെട്ടു.

ശിക്ഷാ ഇളവിനെതിരേ ബിൽക്കീസ് ബാനുവിന് പുറമെ സി.പി.എം. നേതാവ് സുഭാഷിണി അലി, ലോക്സഭാംഗം മഹുവ മൊയ്ത്ര, മാധ്യമപ്രവർത്തക രേവതി ലൗൽ, രൂപ് രേഖ വർമ, ദേശീയ മഹിളാ ഫെഡറേഷൻ തുടങ്ങിയവരാണ് സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തത്. ഹർജിയിൽ ഏപ്രിൽ പതിനെട്ടിന് വിശദമായ വാദം കേൾക്കുമെന്ന് സുപ്രീംകോടതി അറിയിച്ചു.

## ലോക്സഭാ രേഖകൾ കീറിയെറിഞ്ഞ് പ്രതിഷേധിച്ച സംഭവം; ഹൈബി ഈഡനെയും ടി എൻ പ്രതാപനെയും സസ്പെൻഡ് ചെയ്തേക്കും

**ന്യൂഡൽഹി:** രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയ ലോക്സഭ സെക്രട്ടേറിയറ്റിന്റെ വിജ്ഞാപനം കീറിയെറിഞ്ഞ കോൺഗ്രസ് എം പി മാരെ സസ്പെൻഡ് ചെയ്തേക്കുമെന്ന് സൂചന.

ഹൈബി ഈഡൻ, ടി എൻ പ്രതാപൻ എന്നിവരാണ് ലോക്സഭയിൽ വച്ച് രേഖകൾ കീറിയെറിഞ്ഞ് പ്രതിഷേധിച്ചത്. ഇരുവരുടെയും പ്രതിഷേധം അതിരുകടന്നുവെന്ന നിഗമനത്തിലാണ് സ്പീക്കർ നടപടിക്കൊരുങ്ങുന്നതെന്നാണ് റിപ്പോർട്ട്.മോദി എന്ന പേരിൽ നടത്തിയ അപകീർത്തി പരാമർശത്തിനെ തുടർന്ന് സൂറത്ത് കോടതി രാഹുലിനെ ശിക്ഷിച്ച പശ്ചാത്തലത്തിൽ എം പി സ്ഥാനത്ത് നിന്നും ലോക്സഭ സെക്രട്ടേറിയറ്റ് അദ്ദേഹത്തെ അയോഗ്യനാക്കിയിരുന്നു. ലോക്സഭ ചേർന്നയുടൻ തന്നെ കോൺഗ്രസ് എംപിമാർ മുദ്രാവാക്യങ്ങളുയർത്തി പ്രതിഷേധിച്ചിരുന്നു. ഹൈബി ഈഡൻ, ടി എൻ പ്രതാപൻ എന്നീ എം പിമാർ സഭാദ്ധ്യക്ഷന് നേരെയാണ് രാഹുലിനെ അയോഗ്യനാക്കിയ ഉത്തരവ് കീറിവലിച്ചെറിഞ്ഞത്. മാർച്ച് 13 മുതൽ തന്നെ അദാനി



വിഷയത്തിൽ സഭയിൽ പ്രതിപക്ഷാംഗങ്ങൾ സംയുക്ത പാർലമെന്ററി സമിതി അന്വേഷണം ആവശ്യപ്പെട്ടിരുന്നു.



## കറുപ്പണിഞ്ഞ് പാർലമെന്റിൽ പ്രതിപക്ഷ പ്രതിഷേധം: കോൺഗ്രസിന് അപ്രതീക്ഷിത പിന്തുണയും

**ന്യൂഡൽഹി:** രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയ നീക്കവും അദാനി വിഷയവും ഉയർത്തി പാർലമെന്റിനകത്തും പുറത്തും പ്രതിപക്ഷ പ്രതിഷേധം. കറുത്ത വസ്ത്രമണിഞ്ഞാണ് പ്രതിപക്ഷ പാർട്ടി എംപിമാർ പ്രതിഷേധിക്കുന്നത്. കോൺഗ്രസിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രതിഷേധങ്ങൾക്ക് അപ്രതീക്ഷിത പിന്തുണയുമായി തൃണമൂൽ കോൺഗ്രസും എത്തി. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ നേതൃത്വത്തിൽ ചേർന്ന പ്രതിപക്ഷ സ്ട്രാറ്റജി യോഗത്തിലേക്ക് കറുത്ത വസ്ത്രമണിഞ്ഞ് തൃണമൂൽ പ്രതിനിധികളും എത്തി. ഖാർഗെയുടെ ഓഫീസിൽ നടന്ന യോഗത്തിലേക്ക് തൃണമൂൽ എംപിമാരായ പ്രസൂൺ ബാനർജിയും ജവഹർ സർക്കാരുമാണ് എത്തിയത്. കോൺഗ്രസിനോടും ബിജെപിയോടും ഒരുപോലെ അകലംപാലിക്കാൻ എടുത്ത നേരത്തെയുള്ള മമതാ ബാനർജിയുടെ തീരുമാനത്തിൽ നിന്ന് വലിയ മാറ്റമാണ് ഇതിലൂടെ ദൃശ്യമാകുന്നത്.

ജനാധിപത്യത്തെ സംരക്ഷിക്കുന്നതിന് മുന്നോട്ട് വരുന്ന എല്ലാവരേയും സ്വാഗതം ചെയ്യുന്നുവെന്നാണ് തൃണമൂലിന്റെ അപ്രതീക്ഷിത നീക്കത്തെ സംബന്ധിച്ച് ഖാർഗെ പ്രതികരിച്ചത്. മൂന്നാം മുന്നണിക്കായി ശ്രമിക്കുന്ന ചന്ദ്രശേഖര റാവുവിന്റെ ബിആർഎസും അരവിന്ദ് കെജ്രിവാളിന്റെ എഎപിയും പ്രതിപക്ഷ യോഗത്തിൽ പങ്കെടുത്തു എന്നതും ശ്രദ്ധേയമാണ്.

കോൺഗ്രസ്, ഡിഎംകെ, എസ്പി, ജെഡിയു,ബിആർഎസ്, സിപിഎം, ആർജെഡി, എൻസിപി, സിപിഐ, മുസ്ലിംലീഗ്, എംഡിഎംകെ, കേരള കോൺഗ്രസ്, തൃണമൂൽ കോൺഗ്രസ്, നാഷണൽ കോൺഫറൻസ്, ശിവസേന (ഉദ്ധവ് താക്കറെ) തുടങ്ങിയ പാർട്ടികളാണ് കുറത്ത വസ്ത്രമണിഞ്ഞുള്ള പ്രതിഷേധത്തിൽ പങ്കെടുക്കുന്നത്.ഐക്യം വിളിച്ചോതി പ്രതിപക്ഷ പാർട്ടികൾ പാർലമെന്റ് സമുച്ചയത്തിൽ നിന്ന് വിജയ് ചൗക്കിലേക്ക് മാർച്ച് ചെയ്യുകയും ചെയ്തു.പ്രതിപക്ഷ പ്രതിഷേധങ്ങൾക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഭ്യന്തര മന്ത്രി അമിത് ഷാ അടക്കമുള്ള ഉന്നത മന്ത്രിമാരുമായി പാർലമെന്റിൽ ചർച്ച നടത്തി. ധനമന്ത്രി നിർമലാ സീതാരാമൻ, നിയമമന്ത്രി കിരൺ റിജ്ജു, വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ, വാർത്ത വിതരണ പ്രക്ഷേപണ മന്ത്രി അനുരാഗ് ഠാക്കൂർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

## ലൈഫ് മിഷൻ അഴിമതിക്കേസ്; സന്തോഷ് ഈപ്പന് ജാമ്യം

**കൊച്ചി:** ലൈഫ് മിഷൻ അഴിമതിക്കേസിൽ കരാറുകാരൻ സന്തോഷ് ഈപ്പന് ജാമ്യം. ലൈഫ് മിഷൻ ഇടപാടുമായി ബന്ധപ്പെട്ട് സന്തോഷ് ഈപ്പൻ, പത്ത് തവണ ഇഡിക്ക് മുന്നിൽ ഹാജരായിരുന്നു. നിലവിൽ ഏഴ് ദിവസം ഇഡിയുടെ കസ്റ്റഡിയിലും ഉണ്ടായിരുന്നു. ഇക്കാലമത്രയും അന്വേഷണവുമായി സഹകരിച്ചു. അന്വേഷണവുമായി ഇനിയും സഹകരിക്കുമെന്ന് സന്തോഷ് ഈപ്പൻ കോടതിയെ അറിയിച്ചു. പ്രതിഭാഗത്തിൻറെ ഈ വാദങ്ങൾ അംഗീകരിച്ചു കൊണ്ടാണ് കോടതി ജാമ്യം അനുവദിച്ചത്.



## അതിജീവിതക്ക് അനുകൂലമായി മൊഴി നൽകിയ നഴ്സിംഗ് ഓഫീസർക്ക് ഭീഷണി; അന്വേഷിക്കാൻ അഞ്ചംഗ സമിതി

**കോഴിക്കോട്** : കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പീഡനത്തിനിരയായ യുവതിക്ക് അനുകൂലമായി മൊഴി നൽകിയ സീനിയർ നഴ്സിംഗ് ഓഫീസറെ ഭീഷണിപ്പെടുത്തിയെന്ന പരാതി അന്വേഷിക്കാൻ അഞ്ചംഗ സമിതിയെ നിയോഗിച്ചു. സർജറി വിഭാഗം മേധാവിയായ സമിതി അന്വേഷിച്ച് ഉടൻ റിപ്പോർട്ട് സമർപ്പിക്കാനാണ് പ്രിൻസിപ്പാൾ നിർദ്ദേശം നൽകിയിരിക്കുന്നത്.


അതിജീവിതയെ മൊഴി മാറ്റാൻ നിർബന്ധിച്ച അഞ്ച് ജീവനക്കാരെക്കുറിച്ച് സൂപ്രണ്ടിനുൾപ്പെടെ വിവരങ്ങൾ നൽകിയത് സീനിയർ നഴ്സിംഗ് ഓഫീസറായിരുന്നു. ഇവരെ സ്ഥലംമാറ്റുമെന്ന് പരസ്യമായി എൻജിഒ യൂണിയൻ നേതാവ് ഭീഷണിപ്പെടുത്തിയെന്നു അവഹേളിച്ചെന്നുമായിരുന്നു പരാതി.




വെള്ളിയാഴ്ച നൽകിയ പരാതി ഇതുവരെ ആശുപത്രി അധികൃതർ പൊലീസിന് കൈമാറിയിട്ടില്ല. പരാതി പിൻവലിക്കാൻ ആശുപത്രി അധികൃതർ നഴ്സിംഗ് ഓഫീസർക്ക് മേൽ സമ്മർദ്ദം ചെലുത്തിയെന്നും വിവരമുണ്ട്.

### ആശാൻ

'മോദാനി', പൊതുജനങ്ങളുടെ റിട്ടയർമെന്റ് പണം അദാനിയുടെ കമ്പനിയിൽ നിക്ഷേപിക്കുന്നതെന്തിന്? ആഞ്ഞടിച്ച് രാഹുൽ ഗാന്ധി



ഇനി എന്ത് പറഞ്ഞിട്ട് എന്താ കാര്യം?

കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## കാത്തിരിക്കുന്നത് ഇതിലും വലിയ പിഴ

വേമ്പനാട്, അഷ്ടമുടി കായലുകളുടെ സംരക്ഷണത്തിൽ വരുത്തിയ വീഴ്ചകൾക്ക് കേരള സർക്കാരിന് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ മുഖ്യ ബെഞ്ച് പത്തുകോടി രൂപ പിഴശിക്ഷ വിധിച്ചിരിക്കുന്നു. ഈ രണ്ടു കായലുകളിലെയും മലിനീകരണം ദുസഹമായ തോതിൽ വർദ്ധിച്ചിരിക്കുന്നതു കണക്കിലെടുത്താണ് പിഴശിക്ഷ. കൊച്ചിയിലെ ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ളാന്റിലുണ്ടായ വീഴ്ചകളുടെ പേരിൽ നഗരസഭയ്ക്ക് നൂറുകോടി രൂപ പിഴയിട്ടത് അടുത്ത നാളിലാണ്. മലിനീകരണ വിഷയത്തിൽ സംസ്ഥാന സർക്കാരും തദ്ദേശസ്ഥാപനങ്ങളും കാണിക്കുന്ന ഉദാസീന സമീപനം പരിസ്ഥിതിക്കും ജലസ്രോതസുകൾക്കും വരുത്തുന്ന നാശനഷ്ടങ്ങൾ അളവറ്റതാണ്. വേമ്പനാടും അഷ്ടമുടിയും മാത്രമല്ല സംസ്ഥാനത്തെ ജലാശയങ്ങളിൽ തൊണ്ണൂറു ശതമാനവും കനത്ത തോതിൽ മലിനീകരണമുള്ളവയായി മാറിക്കഴിഞ്ഞു. ഇവയുടെ സംരക്ഷണത്തിന് പ്രത്യേക നിയമം തന്നെ നിലവിലുള്ള സംസ്ഥാനമാണിത്. എന്നാൽ മാലിന്യങ്ങൾ നിറഞ്ഞുകവിഞ്ഞ കായലുകളും നദികളും തോടുകളും നീർച്ചാലുകളും എവിടെ നോക്കിയാലും കാണാം. പ്ളാസ്റ്റിക്കിന്റെ വരവോടെ സകല ജലാശയങ്ങളും വീണ്ടെടുക്കാനാകാത്തവിധം മലിനപ്പെട്ടിരിക്കുകയാണ്. ജലസ്രോതസുകൾക്കു പുറമെ കടലും വൻതോതിൽ മലിനമാക്കപ്പെടുന്നു. കായലുകളിൽ നിന്നും നദികളിൽ നിന്നുമുള്ള മാലിന്യങ്ങളത്രയും എത്തിച്ചേരുന്നത് കടലിലാണ്. തീരക്കടൽ മാത്രമല്ല പുറംകടൽ വരെ പലവിധത്തിലുള്ള മാലിന്യങ്ങളാൽ സമൃദ്ധമാണിപ്പോൾ.വേമ്പനാട്, അഷ്ടമുടി കായലുകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ഹരിത ട്രൈബ്യൂണൽ ബെഞ്ച് ചുമത്തിയ പത്തുകോടി രൂപയുടെ പിഴ ചീഫ് സെക്രട്ടറിയുടെ ചുമതലയിലുള്ള പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കാനാണു നിർദ്ദേശം. ഒരു മാസത്തിനകം പണം കെട്ടിവയ്ക്കണമെന്നും നിർദ്ദേശമുണ്ട്. മലിനീകരണത്തിനു കാരണക്കാരായവരിൽ നിന്നുതന്നെ പണം വസൂലാക്കി അടയ്ക്കേണ്ട ചുമതല ചീഫ് സെക്രട്ടറിക്കാണു നല്കിയിരിക്കുന്നത്. കടകൾ, സ്ഥലവാസികൾ, സർക്കാർ വകുപ്പുകൾ, റെയിൽവേ, തദ്ദേശസ്ഥാപനങ്ങൾ, വ്യവസായശാലകൾ എന്നിവയൊക്കെ ഇതിന്റെ പരിധിയിൽ വരും. കുറ്റക്കാരെ കണ്ടെത്തേണ്ടതും പിഴ ഈടാക്കേണ്ടതും ചീഫ് സെക്രട്ടറിയാണ്. മൂന്നു മാസത്തിനകം ഇതു നടന്നിരിക്കണമെന്നാണു നിർദ്ദേശം.എല്ലാത്തരത്തിലുമുള്ള മലിനീകരണത്തോത് കുറയ്ക്കാൻ ഇതുപോലുള്ള കർക്കശ ഇടപെടലുകൾ അനിവാര്യമാണ്. ബ്രഹ്മപുരത്തെ വീഴ്ചകൾ സൃഷ്ടിച്ച പരിസ്ഥിതി ആഘാതം എത്ര ഭയാനകമായിരുന്നുവെന്ന് ജനങ്ങളും മനസിലാക്കിക്കഴിഞ്ഞു. മലിനീകരണ നിയന്ത്രണ ബോർഡുകളും ഹരിത ട്രൈബ്യൂണലുകളുമൊക്കെ പ്രവർത്തിക്കുന്നത് മലിനീകരണം തടയാൻ വേണ്ടിയാണ്. നിർഭാഗ്യവശാൽ ഇവയൊക്കെ നോക്കിനില്ക്കെയാണ് രാജ്യത്തെവിടെയും മാലിന്യമലകൾ ജനജീവിതം ദുസ്സഹമാക്കുന്നത്. വേമ്പനാട്ടു കായൽ ഇത്രയധികം മലിനപ്പെടാൻ കാരണം സംഘടിതമായ രീതിയിൽ നടന്നുവരുന്ന മാലിന്യ നിക്ഷേപമാണ്. കായലിനോടു ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ താമസക്കാരും സ്ഥാപന ഉടമകളും മാത്രമല്ല വ്യവസായശാലകളും തദ്ദേശസ്ഥാപനങ്ങളുമൊക്കെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കായലിലാണ്. മഴക്കാലത്ത് ജലപ്രവാഹം ശക്തമാകുമ്പോൾ ഏറെ ദൂരെയുള്ള പ്രദേശങ്ങളിൽ നിന്നുപോലും മാലിന്യങ്ങൾ കായലിലെത്തും. 2018-ലെ വെള്ളപ്പൊക്കത്തിൽ ഈ ഭീഷണി എത്ര വലിയ തോതിലുള്ളതായിരുന്നുവെന്ന് കേരളം കണ്ടതാണ്. തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന ഇടങ്ങളിലെല്ലാം മാലിന്യ സംസ്കരണ പ്ളാന്റുകൾ സ്ഥാപിക്കുക എന്നതു മാത്രമാണ് ഈ വിപത്ത് നേരിടാനുള്ള വഴി. ഈ രംഗത്തുണ്ടാകുന്ന ഏതു വീഴ്ചയും വലിയ അപകടത്തിലേക്കായിരിക്കും സംസ്ഥാനത്തെ നയിക്കുക. ഹരിത ട്രൈബ്യൂണലിന്റെ പിഴശിക്ഷ ആദ്യ മുന്നറിയിപ്പായി കണ്ടാൽ മതി. കാര്യങ്ങൾ നേരെയായില്ലെങ്കിൽ താങ്ങാനാവാത്ത പിഴയാകും സംസ്ഥാനത്തെ കാത്തിരിക്കുന്നത്.

## 203 തവണ രക്തം ദാനം ചെയ്തു, നൽകിയത് 96 ലിറ്റർ രക്തം; ഗിന്നസ് റെക്കോർഡ് സ്വന്തമാക്കി 80 കാരി

രക്തദാനം മഹാദാനം എന്നാണല്ലോ. സാധാരണ ഗതിയിൽ നമ്മുടെ വീട്ടുകാർക്കോ സുഹൃത്തുക്കൽക്കോ രക്തം ആവശ്യമായി വരികയാണെങ്കിൽ നമ്മൾ രക്തം നൽകാറുണ്ട്. അത് നമ്മുടെ ആവശ്യം ആണെന്ന ഒറ്റ കാരണം കൊണ്ട് മാത്രമാണ്. എന്നാൽ നമ്മുടെ ആരുമല്ലാത്ത, രക്തം ആവശ്യള്ള വർക്ക് സ്വയം സന്നദ്ധമായി മുന്നോട്ടു വന്ന് രക്തം നൽകുന്ന നിരവധി ആളുകൾ നമുക്കിടയിൽ ഉണ്ട്. എന്നാൽ രക്തദാനം ജീവിതത്തിന്റെ




ഭാ?ഗമാക്കിയ ഒരു സ്ത്രീയുണ്ട്. അമേരിക്കൻ സ്വദേശിയായ ജോസഫിൻ മിച്ചാലുക്ക് കൃത്യമായ ഇടവേളകളെടുത്ത് രക്തദാനം നടത്തി ഇപ്പോൾ ?ഗിന്നസ് റെക്കോർഡ് നേടിയിരിക്കുകയാണ്.1965-ൽ 22-ാം വയസ്സിൽ ആരംഭിച്ച് ശീലം ആറു പതിറ്റാണ്ടായി ജോസഫിൻ തുടർന്ന് പോരുന്നു. ജോസഫിൻ മിച്ചാലുക്ക് ഇതുവരെ 203 യൂണിറ്റ് രക്തം ദാനം ചെയ്തിട്ടുണ്ട്. ഒരു യൂണിറ്റ് രക്തം ഏകദേശം 473 മില്ലി ലിറ്ററിന് തുല്യമാണ്, അങ്ങനെയെങ്കിൽ ആകെ 96 ലിറ്റർ രക്തം ജോസഫിൻ ദാനം ചെയ്തുവെന്ന് സാരം. എണ്ണമറ്റ ജീവനുകളാണ് ഈ 80 കാരി ഇതുവരെ രക്ഷിച്ചിട്ടുള്ളത്. തന്റെ സ?ഹോദരിയുടെ നിർബന്ധത്തിന് വഴങ്ങിയാണ് താൻ ആദ്യമായി രക്തദാനം നടത്തിയതെന്നാണ് ജോസഫിൻ പറയുന്നു.യുഎസിൽ രക്തദാനത്തിന് പ്രായപരിധി ഇല്ലാത്തതിനാലും, ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാത്തതുകൊണ്ടും 80 വയസിലും ജോസഫിൻ

രക്തദാനം തുടരുകയാണ്. തന്നെ പോലെ കൂടുതൽ ആളുകൾ രക്തദാനത്തിലേക്ക് കടന്നുവരുമെന്ന് പ്രതീക്ഷിക്കുന്നതായി ജോസഫിൻ പറഞ്ഞു. ഛ+ ആണ് ഇവരുടെ ബ്ലഡ് ഗ്രൂപ്പ്. അമേരിക്കൻ റെഡ് ക്രോസിന്റെ കണക്കനുസരിച്ച്, യുഎസ് ജനസംഖ്യയുടെ 37% പേർക്കും ഛ+ ബ്ലഡ് ഗ്രൂപ്പാണ് ഉള്ളത്.

## 'കുതിരപ്പന്തയത്തിൽ പങ്കെടുക്കുന്നത് കഴുത'; രാഹുലിനെതിരേ ആക്ഷേപവുമായി കേന്ദ്രമന്ത്രി

ന്യൂഡൽഹി: രാഹുൽ ഗാന്ധിക്ക് ലോക്സഭയിൽനിന്ന് അയോഗ്യത കൽപിച്ചതിനെത്തുടര്ന്നുള്ള പ്രതിപക്ഷ പ്രതിഷേധത്തെ വിമര്ശിച്ച് കേന്ദ്രമന്ത്രി ഹര്ദീപ് സിങ് പുരി. കുതിരപ്പന്തയത്തിൽ പങ്കെടുക്കാന് കഴുതയെയാണ് കോണ്ഗ്രസിന് കിട്ടിയതെന്ന് രാഹുല് ഗാന്ധിയെ ഉദ്ദേശിച്ചുകൊണ്ട് മന്ത്രി പറഞ്ഞു. സവര്ക്കറിനെപ്പോലെയുള്ള ആളുകള് നല്കിയ സംഭാവനകള് എന്താണെന്ന് നിങ്ങള്ക്കറിയുമോയെന്നും ഹര്ദീപ് ചോദിച്ചു.സവര്ക്കറിനെപ്പോലെയുള്ള ആളുകള് നല്കിയ സംഭാവനകള് എന്താണെന്നറിയുമോ നിങ്ങള്ക്ക്? ഞാന് പറഞ്ഞതുപോലെ കുതിരപ്പന്തയത്തില് ഓടാന് നിങ്ങള്ക്ക് കിട്ടിയത് ഒരു കഴുതയെയാണ്', വാര്ത്താ ഏജന്സിയായ എ.എന്.ഐ. പങ്കുവെച്ച വീഡിയോയില് മന്ത്രി പറയുന്നു. 'മാപ്പുപറയാന് എന്റെ പേര് സവര്ക്കറെന്നല്ല, ഗാന്ധിയെന്നാണെ'ന്ന് അയോഗ്യനായതിനു ശേഷമുള്ള ആദ്യ വാര്ത്താസമ്മേളനത്തില് രാഹുല് ഗാന്ധി പറഞ്ഞിരുന്നു. ഇതിനാണ് മന്ത്രിയുടെ മറുപടി.ഔചിത്യം, രാഷ്ട്രീയ സ്വീകാര്യത, നിയമവ്യവസ്ഥ എന്നിവയില് കോണ്ഗ്രസ് കാര്യമായ ആത്മപരിശോധന നടത്തണം. നിങ്ങള് എന്താണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ജനം നിങ്ങളെ വിലയിരുത്തുക. കോടതി നടപടിക്കെതിരെ കോടതിയില്പ്പോയിത്തന്നെ പോരാടണം. നിങ്ങള് സവര്ക്കറെയും മഹാഭാരതത്തെയും വിമര്ശിക്കുകയാണ്. രാഹുല് ഗാന്ധിയെ കോടതി ശിക്ഷിച്ചു. അതിനു ശേഷമുള്ള നടപടിക്രമങ്ങളിലേക്കാണ് കടക്കുകയാണ് ഇനി നിങ്ങള് ചെയ്യേണ്ടതെന്നും ഹര്ദീപ് സിങ് പുരി പറഞ്ഞു.




# 'ഒരു ദുരന്തത്തിൽ നിന്ന് ഭരണഘടനയെ രക്ഷിക്കൂ'; രാഷ്ട്രപതിയോട് അഭ്യർഥിച്ച് മമത

**കൊൽക്കത്ത:** ഒരു ദുരന്തത്തിൽ നിന്ന് ഇന്ത്യൻ ഭരണഘടനയെ രക്ഷിക്കൂവെന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവിനോട് അഭ്യർഥിച്ച് തൃണമൂല് കോണ്ഗ്രസ് അധ്യക്ഷയും പശ്ചിമ ബംഗാള് മുഖ്യമന്ത്രിയുമായ മമത ബാനർജി. പശ്ചിമ ബംഗാളില് രണ്ടുദിവസത്തെ സന്ദർശനത്തിനെത്തിയ രാഷ്ട്രപതിയെ സ്വീകരിക്കാന് കൊല്ക്കത്തയില് ചേർന്ന ചടങ്ങിലായിരുന്നു മമതയുടെ അഭ്യർഥന. ഗവര്ണര് സി.വി. ആനന്ദ ബോസ് ഉള്പ്പെടെയുള്ളവര് ചടങ്ങില് സന്നിഹിതരായിരുന്നു.മാഡം പ്രസിഡന്റ്, ഈ രാജ്യത്തിന്റെ ഭരണഘടനയുടെ തലപ്പത്തുള്ള താങ്കള് ഭരണഘടനയേയും പാവപ്പെട്ടവരുടെ ഭരണഘടനാപരമായ അവകാശങ്ങളും സംരക്ഷിക്കണം എന്നാണ് എനിക്ക് അഭ്യര്ഥിക്കാനുള്ളത്. ഒരു ദുരന്തത്തില് നിന്ന് ഇവയെ സംരക്ഷിക്കൂവെന്നാണ് അഭ്യർഥന', മമത പറഞ്ഞു.രാഷ്ട്രപതിയെ ഗോള്ഡന് ലേഡി എന്ന് അഭിസംബോധന ചെയ്തായിരുന്നു മമതയുടെ പ്രസംഗം. സംസ്ഥാനം സന്ദർശിക്കാനെത്തിയ രാഷ്ട്രപതിക്ക് മുഖ്യമന്ത്രി ഹൃദയം നിറഞ്ഞ കടപ്പാട് അറിയിച്ചു. കാലങ്ങളായി വിവിധ വിഭാഗത്തില്പ്പെട്ടവര് ഐക്യത്തോടെ കഴിയുന്നതിന്റെ പാരമ്പര്യം രാജ്യത്തിനുണ്ടെന്നും മമത പ്രസംഗത്തില് പരാമര്ശിച്ചു. വലിയ നവീകരണ പ്രസ്ഥാനങ്ങളുടെ ആരംഭം ബംഗാളില് നിന്നായിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ ഉത്ഭവവും സംസ്ഥാനത്തായിരുന്നുവെന്നും മമത പറഞ്ഞു.

# ബില്ക്കീസ് ബാനു കൂട്ടബലാത്സംഗക്കേസ് ഭയപ്പെടുത്തുന്നത്; ശിക്ഷാ ഇളവിനെതിരായ ഹർജിയിൽ നോട്ടീസ്

**ന്യൂഡൽഹി:** 2002-ലെ ഗുജറാത്ത് കലാപത്തിലുണ്ടായ ബില്ക്കീസ് ബാനു കൂട്ടബലാത്സംഗക്കേസ് ഭയപ്പെടുത്തുന്നതാണെന്ന് സുപ്രീംകോടതി. കൂട്ടബലാത്സംഗക്കേസിലെ 11 കുറ്റവാളികളെ ശിക്ഷാ ഇളവ് നൽകി വിട്ടയച്ചതിനെതിരായ ഹര്ജികളിൽ സുപ്രീംകോടതി നോട്ടീസയച്ചു. കുറ്റവാളികളെ ജയില് മോചിതരാക്കിയതുമായി ബന്ധപ്പെട്ട മുഴുവന് രേഖകളും ഹാജരാക്കാന് ജസ്റ്റിസുമാരായ കെ.എം. ജോസഫ്, ബി.വി. നാഗരത്ന എന്നിവരടങ്ങിയ ബെഞ്ച് നിര്ദേശിച്ചു.കേന്ദ്ര സർക്കാരിനും ഗുജറാത്ത് സര്ക്കാരിനും ജയില് മോചിതരായ പ്രതികള്ക്കുമാണ് സുപ്രീംകോടതി നോട്ടീസയച്ചത്. പ്രതികള്ക്ക് ക്രിമിനൽ പശ്ചാത്തലമുള്പ്പെടെ ഉണ്ടോ എന്നറിയിക്കാന് ഗുജറാത്ത് സര്ക്കാരിനോട് സുപ്രീംകോടതി നിര്ദേശിച്ചു. രാജ്യത്തെ വിവിധ ജയിലുകളില് ശിക്ഷയനുഭവിച്ച് കഴിയുന്ന പ്രതികള് ജയില് മോചനത്തിനായി കോടതികളെ സമീപിക്കാറുണ്ട്. സര്ക്കാരുകള് തീരുമാനമെടുക്കാറില്ലെന്നാണ് ജയിലിൽ കഴിയുന്നവരുടെ പരാതി. അതുകൊണ്ടുതന്നെ ഈ കേസില് ശിക്ഷിക്കപ്പെട്ടവരെ എങ്ങനെ ജയിൽ മോചിതരാക്കി എന്നറിയണമെന്ന് ബെഞ്ചിന് നേതൃത്വം നല്കിയ ജസ്റ്റിസ് കെ.എം. ജോസഫ് അഭിപ്രായപ്പെട്ടു. ശിക്ഷാ ഇളവിനെതിരേ ബില്ക്കീസ് ബാനുവിന് പുറമെ സി.പി.എം. നേതാവ് സുഭാഷിണി അലി, ലോക്സഭാംഗം മഹുവ മൊയ്ത്ര, മാധ്യമപ്രവര്ത്തക രേവതി ലൗല്, രൂപ് രേഖ വര്മ, ദേശീയ മഹിളാ ഫെഡറേഷന് തുടങ്ങിയവരാണ് സുപ്രീംകോടതിയില് ഹര്ജി ഫയൽ ചെയ്തത്. ഹര്ജിയില് ഏപ്രില് പതിനെട്ടിന് വിശദമായ വാദം കേള്ക്കുമെന്ന് സുപ്രീംകോടതി അറിയിച്ചു.



# 'അദാനിക്കെതിരേ നടപടിയെടുക്കാൻ സർക്കാരിനെങ്ങനെ കഴിയും?'; രൂക്ഷവിമർശനവുമായി മഹുവ മൊയ്ത്ര

ന്യൂഡൽഹി: ഹിൻഡന്ബർഗ്-അദാനി വിവാദത്തിൽ കേന്ദ്ര സർക്കാരിനെതിരേ വിമർശനമുന്നയിച്ച് തൃണമൂല് കോൺഗ്രസ് എം.പി. മഹുവ മൊയ്ത്ര. ഇന്ത്യക്കാരുടെ ഉടമസ്ഥതയിലുള്ള ഓഫ്ഷോർ ഷെൽ കമ്പനികളെക്കുറിച്ചുള്ള ഡേറ്റ ലഭ്യമല്ലെന്ന കേന്ദ്ര ധനമന്ത്രാലയം രാജ്യസഭയിൽ രേഖാമൂലം നല്കിയ മറുപടി ഉദ്ധരിച്ചുകൊണ്ടായിരുന്നു മഹുവ മൊയ്ത്രയുടെ വിമര്ശനം. 'അദാനിക്കെതിരെ സർക്കാരിനെങ്ങനെ നടപടിയെടുക്കാന് കഴിയും? ഷെല് സ്ഥാപനത്തിന്റെ അര്ഥമെന്താണെന്ന് ധനകാര്യ മന്ത്രാലയത്തിനറിയില്ല. രാജ്യസഭയില് നല്കിയ എഴുത്തു മറുപടിയില് അതു സംബന്ധിച്ച സൂചനയില്ല. അതുകൊണ്ടുതന്നെ നടപടിയുമില്ല', മഹുവ മൊയ്ത്ര ട്വീറ്റ് ചെയ്തു. ധനമന്ത്രി നിര്മല സീതാരാമനെ ടാഗ് ചെയ്തായിരുന്നു ട്വീറ്റ്. ഹിന്ഡന്ബര്ഗ് റിപ്പോര്ട്ടിനെത്തുടര്ന്ന് അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരി വിലയിടിഞ്ഞതുമുതല് മഹുവ മൊയ്ത്രയും പ്രതിപക്ഷ നേതാക്കളും സര്ക്കാരിനെതിരേ വിമർശനം നടത്തിവരികയാണ്. അദാനിയുടെ പണ ഇടപാട് സംബന്ധിച്ച് സെബിയും (ടഋആക) ഇ.ഡി.യും ആദായനികുതി വകുപ്പും അന്വേഷിക്കണമെന്ന് മൊയ്ത്ര ആവശ്യപ്പെട്ടിരുന്നു.അദാനിയ്ക്കെതിരായ ആരോപണം സംയുക്ത പാർലമെന്ററി സമിതിയെ നിയോഗിച്ച് അന്വേഷിക്കണമെന്ന ആവശ്യം സര്ക്കാർ അംഗീകരിക്കാത്ത സാഹചര്യത്തിൽ പ്രതിപക്ഷ സമരം ശക്തമായതിനെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും സ്തംഭനാവസ്ഥയിലാണ്.





# ഇന്നസെന്റിന് യാത്രാമൊഴി, അന്ത്യാഞ്ജലിയർപ്പിച്ച് ആയിരങ്ങൾ; സംസ്കാരം ഇന്ന്

അര നൂറ്റാണ്ട് മലയാളിയുടെ ജീവിതത്തിൽ നർമവും സൗഹൃദവും നിറച്ച ഇന്നസെന്റിന് കലാകേരളത്തിന്റെ അന്ത്യാഞ്ജലി. കൊച്ചിയിലെ കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലും പിന്നീട് ജന്മനാടായ ഇരിങ്ങാലക്കുടയിലെ ടൗൺ ഹാളിലും പൊതുദർശനത്തിന് എത്തിച്ച മൃതദേഹത്തിൽ ആയിരക്കണക്കിനാളുകൾ ആദരാഞ്ജലി അർപ്പിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ഇരിങ്ങാലക്കുടയിലെത്തി അന്തിമോപചാരം അർപ്പിച്ചു. പ്രിയ സുഹൃത്തിനെ അവസാനമായി ഒരു നോക്ക് കാണാൻ ചലച്ചിത്രലോകം ഒന്നടങ്കം എത്തുകയാണ്. പ്രിയപ്പെട്ട സഹപ്രവർത്തകന്റെ വിയോഗ വേദനയിൽ പലർക്കും വാക്കുകൾ മുറിഞ്ഞു. രാഷ്ട്രീയ മേഖലയിലെ ഒട്ടേറെ പ്രമുഖരാണ് മുൻ എംപി കൂടിയായിരുന്ന ഇന്നസെന്റിന് അന്തിമാഞ്ജലി നേരാൻ കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ എത്തിയത്.മന്ത്രിമാരായ ആർ.ബിന്ദു, കെ രാധാകൃഷ്ണൻ, എംബി രാജേഷ് തുടങ്ങിയവർ എല്ലാം ഇരിങ്ങാലക്കുട ടൌൺ ഹാളിൽ എത്തി അന്തിമോപചാരമപ്പിച്ചു.ഇന്നസെൻറിൻറെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു.കേരളപ്രണാമത്തിനുവേണ്ടി കെ.കെ രാജേന്ദ്രൻ റീത്ത് സമർപ്പിച്ചു.കാഴ്ചക്കാരുടെ ജീവിതത്തെ നർമം കൊണ്ട് നിറച്ച ഇന്നസെന്റ് എക്കാലവും ഓർമിപ്പിക്കപ്പെടുമെന്നും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും പ്രധാനമന്ത്രി ടിറ്ററിൽ കുറിച്ചു. നാളെ രാവിലെ പത്തിന് ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിലെ കുടുംബ കല്ലറയിലാകും മലയാളത്തിന്റെ പ്രിയ നടന്റെ അന്ത്യ വിശ്രമം. മലയാള ചലച്ചിത്ര സാംസ്കാരിക രാഷ്ട്രീയ രംഗത്തെ നിറ സാന്നിധ്യമായിരുന്ന ഇന്നസെന്റിന്റെ വിയോഗം പ്രിയപ്പെട്ടവർക്ക് ഇനിയും ഉൾക്കൊള്ളാനായിട്ടില്ല. 750 ഓളം ചിത്രങ്ങളിൽ അഭിനയിച്ച ഇന്നസെൻറ് 1972 – ൽ 'നൃത്തശാല' എന്ന ചിത്രത്തിലൂടെയാണ് വെള്ളിത്തിരയിൽ എത്തിയത്. അദ്ദേഹം ഏറെക്കാലം ചലച്ചിത്ര അഭിനേതാക്കളുടെ സംഘടനയായ അമ്മയുടെ പ്രസിഡൻറ് സ്ഥാനവും അലങ്കരിച്ചിരുന്നു. കാൻസർ രോഗത്തെ അതിജീവിച്ച് ശക്തമായ തിരിച്ചുവരവ് നടത്തിയ വ്യക്തിയായിരുന്നു ഇന്നസെന്റ്. രോഗത്തെ തന്റെ ഇച്ഛാശക്തി കൊണ്ട് നേരിട്ട അദ്ദേഹം, കാൻസർ വാർഡിലെ ചിരി ഉൾപ്പടെ പല പുസ്തകങ്ങളും എഴുതിയിട്ടുണ്ട്.



## ചൈന അതിർത്തിക്ക് സമീപം പുതിയ പാലം നിർമിക്കാൻ ഇന്ത്യ; 199 കോടിയുടെ പദ്ധതി, സൈനികനീക്കം എളുപ്പമാകും

**ഇറ്റാനഗർ:** അരുണാചൽ പ്രദേശിലെ ഇന്ത്യാ-ചൈന അതിർത്തിയിൽ യഥാർഥ നിയന്ത്രണരേഖയ്ക്ക് സമീപം പുതിയ പാലത്തിന്റെ നിർമാണപ്രവർത്തനങ്ങള്ക്കായുള്ള പ്രാരംഭനടപടികള് കേന്ദ്രസര്ക്കാർ ആരംഭിച്ചു. പാലത്തിന്റെ നിർമാണത്തിനായുള്ള കരാറുകള് മാർച്ച് 24-ന് കേന്ദ്ര സര്ക്കാര് ക്ഷണിച്ചു. 199 കോടി രൂപയുടേതാണ് കരാർ.പുതിയ രണ്ടുവരി പാലത്തിന്റെ നിര്മാണം പൂർത്തിയാകുന്നതോടെ ഹോവിറ്റ്സറുകള്( ചെറുപീരങ്കികള്) ഉള്പ്പെടെയുള്ള യുദ്ധോപകരണങ്ങള് വഹിച്ചുകൊണ്ടുള്ള സൈനിക വാഹനങ്ങളുടെ നീക്കം എളുപ്പമാകും. പാലത്തിന്റെ നിര്മാണം പൂർത്തിയാകുന്നതോടെ യാത്രാദൂരത്തില് 180 കിലോമീറ്റര് കുറവുണ്ടാകുകയും ചെയ്യും.അടുത്ത മൂന്ന് വര്ഷത്തിനുള്ളില് 386 മീറ്റര് ദൈര്ഘ്യമുള്ള പാലത്തിന്റെ നിര്മാണം പൂര്ത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അപ്പര് സിയാങ് ജില്ലയിലെ സിയാങ് നദിയ്ക്ക് കുറുകെ 4.5 കിലോമീറ്ററോളം ദൈര്ഘ്യമുള്ള അപ്രോച്ച് റോഡുകളുടെ നിര്മാണവും ഇതിനോടൊപ്പം പൂര്ത്തിയാകും.സൈന്യ, അര്ധ സൈനിക വിഭാഗങ്ങള്ക്ക് ഇന്ത്യ-ചൈന അതിര്ത്തി പ്രദേശത്തേക്കുള്ള നീക്കം എളുപ്പമാക്കാന് പുതിയപാലം പ്രയോജനപ്പെടും. യിങ് കിയോങ്ങില് നിന്ന് ടൂടിങ്ങിലേക്കുള്ള യാത്രാദൂരം 330 കിലോമീറ്ററില് നിന്ന് 150 കിലോമീറ്ററായി കുറയും. സിയാങ് നദിയ്ക്ക് കുറുകെ ഒരു പാലം നിലവിലുണ്ട്. ഗാന്ധി ബ്രിഡ്ജ് എന്ന ഈ പാലം ഇന്ത്യയിലെ ഏറ്റവും നീളമേറിയ സിംഗിള് ലെയ്ന് സ്റ്റീല് കേബിള് പാലമാണ്.എന്നാല്, ഈ പാലത്തിലൂടെയുള്ള ഗതാഗതത്തിന് ചില നിയന്ത്രണങ്ങള് നിലവിലുണ്ട്. പുതിയപാലത്തിന്റെ നിര്മാണത്തിന് ബോഡര് റോഡ്സ് ഓര്ഗനൈസേഷന് ഒരുങ്ങുന്നതും ഇക്കാരണത്താലാണ്. യിങ് കിയോങ് പട്ടണവാസികള്ക്കും പുതിയപാലം കൂടുതല് ഗതാഗത സൗകര്യമൊരുക്കും. സിയാങ് നദിയുടെ പശ്ചിമമേഖലാപ്രദേശത്തെ ചഒ 513 മായി ബന്ധിപ്പിക്കാനും ഈ പാലം സഹായകമാകും.തവാങ്, യാങ്റ്റ്സെ മേഖലകളില് 2021 മുതല് ചൈനയുമായുണ്ടായ ഏറ്റുമുട്ടലുകളെ തുടര്ന്ന് അരുണാചല്പ്രദേശിലെ അതിര്ത്തിപ്രദേശത്തെ അടിസ്ഥാനസൗകര്യവികസനം കേന്ദ്രസര്ക്കാരിന്റെ പരിഗണനയിലാണ്. സിയോം പാലത്തിന്റെ ഉദ്ഘാടനത്തിനായി ജനുവരിയില് അരുണാചല് സന്ദര്ശിച്ച പ്രതിരോധമന്ത്രി രാജ്നാഥ് സിങ് ഇക്കാര്യം എടുത്തുപറയുകയും ചെയ്തിരുന്നു.



## എട്ടുവയസ്സുകാരനെ മൂന്നാമത്തെ ഉന്നത ആത്മീയ നേതാവായി തിരഞ്ഞെടുത്ത് ദലൈ ലാമ

**ന്യൂഡൽഹി:** യുഎസിൽ ജനിച്ച മംഗോളിയന് ബാലനെ ടിബറ്റന് ബുദ്ധമതത്തിലെ മൂന്നാമത്തെ ഉന്നത നേതൃസ്ഥാനത്തേക്ക് തിരഞ്ഞെടുത്തതായി റിപ്പോർട്ട്. ഉന്നത ബുദ്ധ ആത്മീയ നേതാവ് ദലൈലാമയാണ് എട്ടുവയസുകാരനെ പത്താമത്തെ 'ഖല്ക ജെറ്റ്സുന് ധാംപ റിമ്പോച്ചെ'യായി നാമകരണം ചെയ്തത്.ദലൈലാമ ഇപ്പോള് വസിക്കുന്ന ഹിമാചല്പ്രദേശിലെ ധരംശാലയില് വെച്ചാണ് ചടങ്ങ് നടന്നത്. മാര്ച്ച് എട്ടിന് നടന്ന ചടങ്ങില് റിന്പോച്ചെയെയായി തിരഞ്ഞെടുക്കപ്പെട്ട കുട്ടിയ്ക്കൊപ്പം ദലൈലാമ ചടങ്ങിൽ പങ്കെടുക്കുന്ന ചിത്രങ്ങള് പുറത്തുവന്നിട്ടുണ്ട്. പുതിയ ലാമയെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് നേരത്തെ അഭ്യൂഹങ്ങള് ഉയര്ന്നിരുന്നുവെങ്കിലും ഇപ്പോഴാണ് ഇക്കാര്യം സ്ഥിരീകരിക്കുന്നത്.പുതിയ റിന്പോച്ചെയുടെ പിതാവ് സര്വകലാശാല അധ്യാപകനും മുത്തച്ഛന് മുന് മംഗോളിയന് പാര്ലമെന്റംഗവുമാണ്. കുട്ടിക്ക് ഒരു ഇരട്ട സഹോദരന് കൂടിയുണ്ട്. ലാമയെ തിരഞ്ഞെടുക്കാനുള്ള അധികാരം ചൈനീസ് ഭരണകൂടത്തില് നിക്ഷിപ്തമാണെന്നാണ് ചൈനയുടെ വാദം. അതിനാല്ത്തന്നെ പുതിയ ലാമയുടെ തിരഞ്ഞെടുപ്പ് ചൈനയുടെ അതൃപ്തിക്കിടയാക്കുമെന്നാണ് സൂചന.1995-ൽ ദലൈലാമ തിരഞ്ഞെടുത്ത 11-ാമത് പഞ്ചേം ലാമയേയും കുടുംബത്തേയും ചൈനീസ് അധികൃതര് തട്ടിക്കൊണ്ടുപോയിരുന്നു. ലാമയെക്കുറിച്ച് പിന്നീട് യാതൊരു വിവരവും ലഭിച്ചിട്ടില്ല. ടിബറ്റന് ബുദ്ധമതത്തിന്റെ രണ്ടാമത്തെ ഉന്നത ആത്മീയഗുരുവായ പഞ്ചേം ലാമയായി ചൈന മറ്റൊരാളെ അവരോധിക്കുകയും ചെയ്തിരുന്നു.



# ഉമ്മൻചാണ്ടി വധശ്രമക്കേസ്; 3 പേർ കുറ്റക്കാർ,110 പ്രതികളെ വെറുതെ വിട്ടു

കൊച്ചി: മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ വധിക്കാൻ ശ്രമിച്ച കേസിൽ മൂന്ന് പ്രതികൾ കുറ്റക്കാരാണെന്ന് കണ്ണൂർ സബ് കോടതി വിധിച്ചു. ദീപക്, സി ഒ ടി നസീർ, ബിജു പറമ്പത്ത് എന്നിവരെയാണ് കോടതി കുറ്റക്കാരാണെന്ന് വിധിച്ചത്. 110 പ്രതികളെ കോടതി വെറുതെ വിട്ടുകയും ചെയ്തു. മുൻ എംഎൽഎമാരായ ശ്രീകൃഷ്ണൻ കെ കെ നാരായണൻ അടക്കം 113 പേരായിരുന്നു കേസിലെ പ്രതികൾ. 2013 ഒക്ടോബർ 27 നായിരുന്നു കേസിനാസ്പദമായ സംഭവം. കാറിന് നേരെയുണ്ടായ കല്ലേറിൽ ചില്ല് തകർന്ന് ഉമ്മൻചാണ്ടിക്ക് പരിക്കേറ്റിരുന്നു. പ്രതികൾക്കെതിരെ രണ്ട് വകുപ്പ് മാത്രമാണ് തെളിഞ്ഞത്. ആയുധം കൊണ്ട് പരിക്കേൾപ്പിക്കൽ, പൊതുമുതൽ നശിപ്പിക്കൽ എന്നീ രണ്ട് വകുപ്പുകളാണ് പ്രതികൾക്കെതിരെ തെളിയിക്കാൻ കഴിഞ്ഞത്. വധശ്രമം, ഗൂഢാലോചന, പൊലീസിനെ ആക്രമിച്ച് പരിക്കേൽപ്പിക്കൽ അടക്കമുള്ള വകുപ്പുകൾ തെളിയിക്കാനായില്ല. ശിക്ഷിക്കപ്പെട്ട രണ്ട് പേർ സിപിഎം പുറത്താക്കിയവരാണ്. തലശ്ശേരി സ്വദേശിയായ ഒ ടി നസീർ നസീർ, ചാലാട് സ്വദേശിയായ ദീപക് എന്നിവരെയാണ് അച്ചടക്ക നടപടിയുടെ പേരിൽ സിപിഎം പുറത്താക്കിയത്. കണ്ണപുരം സ്വദേശിയായ ബിജു പറമ്പത്ത് നിലവിൽ സിപിഎം അംഗമാണ്.യഥാർത്ഥ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടില്ലെന്ന് ടി സിദ്ദിഖ് പ്രതികരിച്ചു. ആസൂത്രണം ചെയ്തവർ രക്ഷപ്പെട്ടു. മുഴുവൻ പ്രതികളെയും പിടിക്കാൻ സർക്കാർ നടപടിയെടുക്കണമെന്ന് ടി സിദ്ദിഖ് ആവശ്യപ്പെട്ടു.

## കോൺഗ്രസ് പ്രതിഷേധത്തെ അടിച്ചൊതുക്കി മോദിയെ സന്തോഷിപ്പിക്കാനാണ് മുഖ്യമന്ത്രിയുടെ ശ്രമം; വി.ഡി സതീശൻ



പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും സംഘപരിവാറിനും എതിരെ പ്രതിഷേധിക്കുമ്പോൾ കേരള പൊലീസിന് ഇത്രയും ഹാലിളകുന്നത് എന്തിനാണെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. സംസ്ഥാന ഭരണ നേതൃത്വത്തിന്റെ അറിവോടെയാണ് പ്രതിഷേധിക്കുന്നവരെ ആക്രമിക്കാൻ പൊലീസ് നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കോൺഗ്രസിന്റെയും യു.ഡി.എഫിന്റെയും പ്രതിഷേധങ്ങളെ അടിച്ചൊതുക്കി മോദിയെയും ബി.ജെ.പിയെയും സന്തോഷിപ്പിക്കാനാണ് ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള പിണറായി വിജയൻ ശ്രമിക്കുന്നത്. .മോദി സർക്കാർ രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയ ജനാധിപത്യ വിരുദ്ധ നടപടിക്കെതിരെ രാജ്യവ്യാപകമായി നടത്തുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായാണ് കണ്ണൂർ ഡി.സി.സി ഇന്ന് പോസ്റ്റ് ഓഫീസ് മാർച്ചും ധർണയും സംഘടിപ്പിച്ചത്. ഡി.സി.സി അധ്യക്ഷൻ മാർട്ടിൻ ജോർജും സജീവ് ജോസഫ് എം.എൽ.എയും ഉൾപ്പെടെയുള്ളവരെ പൊലീസ് കൈയ്യേറ്റം ചെയ്തു. അതിനെതിരെ പ്രതിഷേധിച്ച പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ചു. കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് രാജ്ഭവൻ മാർച്ച് നടത്തിയ യൂത്ത് കോൺഗ്രസുകാരുടെ തലയടിച്ച് പൊളിച്ചതും പിണറായിയുടെ പൊലീസാണ്.മുഖ്യമന്ത്രിയും മന്ത്രിമാരും സി.പി.ഐ.എം സംസ്ഥാന സെക്രട്ടറിയും രാഹുൽ ഗാന്ധിയെ പിന്തുണച്ച് സമൂഹമാധ്യമങ്ങളിൽ പോസ്റ്റിടുമ്പോഴും ബി.ജെ.പി- സംഘപരിവാർ ഭരണകൂടത്തിനെതിരായ പ്രതിഷേധത്തെ ക്രൂരമായാണ് അടിച്ചൊതുക്കുന്നത്. മോദിക്കും സംഘപരിവാറിനും എതിരായ ഒരു പ്രതിഷേധവും കേരളത്തിൽ അനുവദിക്കില്ലെന്ന നിലപാട് മുഖ്യമന്ത്രിയും എൽ.ഡി.എഫ് സർക്കാരും സ്വീകരിക്കുന്നത് എന്തുകൊണ്ടാണ് പ്രതിഷേധങ്ങളെയും ചോദ്യങ്ങളെയും ഭയപ്പെടുന്ന മോദിയുടെ അതേ ഫാസിസ്റ്റ് രീതിയാണ് കേരള സർക്കാരും മുഖ്യമന്ത്രിയും പിന്തുടരുന്നത്. കേരള പൊലീസിനെ ഉപയോഗിച്ച് സംഘപരിവാർ കൊട്ടേഷൻ നടപ്പാക്കി പ്രതിഷേധങ്ങളെ അടിച്ചമർത്താമെന്നത് നിങ്ങളുടെ വ്യാമോഹം മാത്രമാണ്. നിങ്ങളുടെ ഇരട്ടത്താപ്പ് ജനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും സതീശൻ പറഞ്ഞു.



## കൈക്കൂലിക്കേസിൽ കർണാടക എംഎൽഎ അറസ്റ്റിൽ ; തിരഞ്ഞെടുപ്പ് നടക്കാനിരിക്കെ പ്രതിരോധത്തിലായി ബിജെപി

**ബെംഗളൂരു:** കൈക്കൂലിക്കേസിൽ ഒന്നാം പ്രതിയായ കർണാടക ബി.ജെ.പി. എം.എൽ .എ. മാദൽ വിരുപാക്ഷപ്പ അറസ്റ്റില്. കർണാടക ഹൈക്കോടതി മുന്കൂർ ജാമ്യം നിഷേധിച്ചതിനെത്തുടർന്നാണ് ലോകായുക്ത അറസ്റ്റ് ചെയ്തത്. കഴിഞ്ഞ മാർച്ച് ഏഴിന് വിരൂപാക്ഷപ്പയ്ക്ക് കോടതി ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു.വിരുപാക്ഷപ്പയുടെ മകന് പ്രശാന്ത് മാദല് 40 ലക്ഷം രൂപ കൈക്കൂലി വാങ്ങുന്നതിനിടെ ലോകായുക്ത പോലീസിന്റെ പിടിയിലായിരുന്നു. ഇതിന് പിന്നാലെ നടത്തിയ റെയ്ഡിൽ എട്ടുകോടി രൂപയിലധികം ലോകായുക്ത കണ്ടെത്തിയിരുന്നു. കേസില് വിരുപാക്ഷപ്പ ഒന്നാം പ്രതിയും മകന് രണ്ടാംപ്രതിയുമാണ്. കേസില് ആരോപണമുയർന്നതോടെ കർണാടക സോപ്സ് ആന്ഡ് ഡിറ്റര്ജന്റ്സ് ലിമിറ്റഡ് ചെയര്മാന് സ്ഥാനം വിരുപാക്ഷപ്പ രാജിവെച്ചിരുന്നു. വിരുപാക്ഷപ്പയ്ക്ക് വേണ്ടി മകന് കൈക്കൂലി വാങ്ങിയെന്നാണ് കേസ്. ബെംഗളൂരു ക്രസന്റ് റോഡിലുള്ള വിരുപാക്ഷപ്പയുടെ ഓഫീസില് വെച്ച് കൈക്കൂലി വാങ്ങുന്നതിനിടെയാണ് പ്രശാന്ത് മാദലിനെ അറസ്റ്റ് ചെയ്തത്.സോപ്പ് നിര്മാണത്തിനുള്ള അസംസ്കൃത വസ്തുക്കള് വിതരണം ചെയ്യാനുള്ള ടെന്ഡർ ലഭിക്കാനായി കൈക്കൂലി ചോദിച്ചുവെന്നായിരുന്നു പരാതി. തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന കര്ണാടകയില് എം.എല്.എയ്ക്ക് നേരെ ഉയര്ന്ന ആരോപണം ബി.ജെ.പിയെ വെട്ടിലാക്കിയിരിക്കുകയാണ്.




# വൈകാരിക രംഗങ്ങൾക്ക് സാക്ഷ്യംവഹിച്ച് കടവന്ത്ര ഇൻഡോർ സ്റ്റേഡിയം

കൊച്ചി: അന്തരിച്ച നടൻ ഇന്നസെന്റിന്റെ ഭൗതിക ശരീരം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ പൊതുദർശനത്തിനെത്തിച്ചു. എട്ട് മണി മുതൽ 11 മണിവരെയാണ് പൊതുദർശനത്തിന് വെയ്ച്ചത്. ആയിരങ്ങളാണ് സ്റ്റേഡിയത്തിൽ നടന് ആദരാഞ്ജലികൾ അർപ്പിക്കാൻ എത്തിയത്. ഇന്നലെ ഉച്ചക്ക് 12 മണി മുതൽ മൂന്ന് മണി വരെ ഇരിങ്ങാലക്കുട ടൗൺ ഹാളിലും വൈകീട്ട് മൂന്നു മുതൽ നാളെ പത്ത് മണിവരെ വീട്ടിലും പൊതുദർശനം ഉണ്ടായി. സിനിമ-രാഷ്ട്രീയ-സാംസ്കാരിക മേഖലയിൽ നിന്നും വിവിധ വ്യക്തിത്വങ്ങളും സ്റ്റേഡിയത്തിലെത്തിയിട്ടുണ്ട്. സംസ്കാരം ഇന്ന് നടക്കും. രാവിലെ പത്ത് മണിക്ക് ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളി സെമിത്തേരിയിലാണ് സംസ്കാരം.ഇന്നസെന്റിന് അന്ത്യാഞ്ജലി അർപ്പിച്ച് സാംസ്കാരിക കേരളം.







## 'നർമം കൊണ്ട് രസിപ്പിച്ച ഇന്നസെന്റ് എക്കാലവും ഓർമിക്കപ്പെടും'; അനുശോചിച്ച് പ്രധാനമന്ത്രി

ഇന്നസെന്റിന്റെ നിര്യാണത്തിൽ അനുശോചനമറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനങ്ങളെ നർമം കൊണ്ട് രസിപ്പിച്ച ഇന്നസെന്റ് എക്കാലവും ഓർമിക്കപ്പെടുമെന്ന് പ്രധാനമന്ത്രി ടിറ്ററിൽ കുറിച്ചു.'പ്രശസ്ത നടനും മുൻ എംപിയുമായ ഇന്നസെന്റ് വറീത് തെക്കേത്തലയുടെ നിര്യാണത്തിൽ അനുശോചിക്കുന്നു. പ്രേക്ഷകരെ ആവേശത്തിലാക്കിയതിനും ജനജീവിതത്തിൽ നർമ്മം നിറച്ചതിനും അദ്ദേഹം എക്കാലത്തും ഓർമ്മിക്കപ്പെടും. ഇന്നസെന്റിന്റെ വിയോഗത്തിൽ കുടുംബാംഗങ്ങൾക്ക് അനുശോചനമറിയിക്കുന്നു. ആത്മാവിന് ശാന്തി നേരുന്നു.'. പ്രധാനമന്ത്രി കുറിച്ചു. ഇന്നസെന്റിന്റെ നിര്യാണത്തിൽ രാഹുൽ ഗാന്ധിയും അനുശോചനമറിയിച്ചു. അനുകരണീയമായ ശൈലിയിലൂടെ ജനഹൃദയത്തിൽ ആഴത്തിലുള്ള മുദ്ര പതിപ്പിച്ച വ്യക്തിയാണ് ഇന്നസെന്റ് എന്ന് രാഹുൽ ഗാന്ധി കുറിച്ചു. തന്റെ അഭിനയ മികവ് കൊണ്ട് ആളുകളെ ചിരിപ്പിച്ചതും, ക്യാൻസറിനെതിരായ ധീരമായ പോരാട്ടവും, അദ്ദേഹത്തിന്റെ പുസ്തകങ്ങളും ദശലക്ഷക്കണക്കിന് ആളുകളെ പ്രചോദിപ്പിച്ചിട്ടുണ്ടെന്നും രാഹുൽ ഫേസ്ബുക്കിൽ കുറിച്ചു.





## പ്രിയപ്പെട്ട ഇന്നസെന്റിനെ ഒരു നോക്ക് കാണാൻ മോഹൻലാൽ എത്തി

ഇന്നസെന്റിനെ അവസാനമായി ഒരുനോക്ക് കാണാന് മോഹൻലാൽ എത്തി. ഇരിങ്ങാലക്കുടയിലെ വീട്ടിലെത്തിയാണ് മോഹൻലാൽ അന്ത്യോപചാരം അര്പ്പിച്ചത്. ഇരിങ്ങാലക്കുട ടൗണ് ഹാളിലെ പൊതുദര്ശനത്തിന് ശേഷമാണ് ഇന്നസെന്റിന്റെ മൃതദേഹം വീട്ടിലേക്ക് കൊണ്ടുവന്നത്.ഇന്നസെന്റിനെ അനുസ്മരിച്ച് മോഹന്ലാല് രാവിലെ ഹൃദയഹാരിയായ കുറിപ്പ് ഫെയ്സ്ബുക്കില് പങ്കുവെച്ചിരുന്നു. പോയില്ലേ എന്നു വിശ്വസിക്കാനാണ് ഇപ്പോഴും മനസ് പറയുന്നതെന്ന് മോഹന്ലാല് കുറിച്ചു.ആ പേരുപോലെ തന്നെ നിഷ്കളങ്കമായി ലോകത്തിന് മുഴുവന് നിറഞ്ഞ ചിരിയും സ്നേഹവും സാന്ത്വനവും പകര്ന്ന്, ഒപ്പമുള്ളവരെ ഒരു സഹോദരനെപ്പോലെ ചേര്ത്തുപിടിച്ച്, എന്ത് കാര്യത്തിനും കൂടെ നിന്ന്, തണലും തലോടലുമായ നിങ്ങളുടെ വേര്പാടിന്റെ സങ്കടം എങ്ങനെ വാക്കുകളില് ഒതുക്കും എന്നറിയില്ല. പോയില്ല എന്ന് വിശ്വസിക്കാനാണ് ഇപ്പോഴും മനസ്സ് പറയുന്നത്.' മോഹന്ലാലിന്റെ വാക്കുകൾ.ഓരോ നിമിഷവും ആ നിഷ്കളങ്ക ചിരിയും സ്നേഹവും ശാസനയുമായി എന്റെ ഇന്നസെന്റ് എന്നും കൂടെത്തന്നെ ഉണ്ടാവും. എവിടെ ആണെങ്കിലും എന്ത് കാര്യത്തിനും ഓടിവരാന് ഇനിയും നിങ്ങള് ഇവിടെത്തന്നെ കാണും എന്നുപറഞ്ഞുകൊണ്ടാണ് മോഹന്ലാല് കുറിപ്പ് അവസാനിപ്പിച്ചത്.കൊച്ചിയിലെ വി.പി.എസ്. ലേക്ഷോര് ആശുപത്രിയില് ഞായറാഴ്ച രാത്രി 10.30-ഓടെയായിരുന്നു ഇന്നസെന്റിന്റെ അന്ത്യം. ഹ്രസ്വമായ അമേരിക്കന്യാത്ര കഴിഞ്ഞെത്തിയ ഇന്നസെന്റ് മൂന്നാഴ്ചയോളമായി ന്യുമോണിയയും മറ്റസുഖങ്ങളും ബാധിച്ച് ചികിത്സയിലായിരുന്നു. ആദ്യം ഐസൊലേഷന് വാര്ഡിലും പിന്നീട് ഐ.സി.യു.വിലുമായിരുന്നു. ഞായറാഴ്ച രാത്രിയോടെ നില വഷളാവുകയായിരുന്നു. സംസ്കാരം ചൊവ്വാഴ്ച രാവിലെ 10-ന് ഇരിങ്ങാലക്കുട സെയ്ന്റ് തോമസ് കത്തീഡ്രലില് നടക്കും.

## 'ഇന്നസെന്റ് ചേട്ടന് ആദരാഞ്ജലി അർപ്പിക്കുന്നില്ല, മരിച്ചു പോയി എന്നും വിശ്വസിക്കുന്നില്ല'; സലിംകുമാർ

കല്യാണരാമൻ, തുറുപ്പുഗുലാൻ, കഥ പറയുമ്പോൾ, മേരിക്കുണ്ടൊരു കുഞ്ഞാട് മുല്ല, ഡ്രൈവിങ് ലൈസൻസ്, ഉദയപുരം സുൽത്താൻ തുടങ്ങി നിരവധി ചിത്രങ്ങളിൽ ഒരുമിച്ച് പ്രതിഭ തെളിയിച്ച താരങ്ങളാണ് നടൻ ഇന്നസെന്റും സലിംകുമാറും. ഹാസ്യകഥാപാത്രങ്ങളായും അഭ്രപാളികളിൽ പ്രേക്ഷകരുടെ കണ്ണ് നനയിച്ചും വേഷപ്പകർച്ചകൾ പകർന്നാടിയ ഇന്നസെന്റിന്റെ ഓർമകൾ പങ്കുവക്കുകയാണ് സലിംകുമാർ. ഇന്നസെന്റിന് ആദരാഞ്ജലി അർപ്പിക്കുന്നില്ല, അദ്ദേഹം മരിച്ചുവെന്ന് വിശ്വസിക്കാനാകുന്നില്ല എന്നാണ് സലിം കുമാർ കുറിച്ചത്. നമുക്കാർക്കും കാണാൻ പറ്റാത്ത ഒരു ലൊക്കേഷനിൽ ഷൂട്ടിന് പോയതാണ് അദ്ദേഹമെന്ന് താൻ വിശ്വസിക്കുന്നുവെന്നും വികാരഭരിതമായ കുറിപ്പിൽ സലിംകുമാർ പറഞ്ഞു.'ഇന്നസെന്റ് എന്ന ചിരിമഴ പെയ്തു തീർന്നു. എങ്കിലും ആ മഴ ചങ്കിലെ വൃക്ഷ തലപ്പുകളിൽ ബാക്കി വച്ചിട്ട് പോയ മഴത്തുള്ളികൾ ഓർമ്മകളുടെ നനുത്ത കാറ്റിൽ ജീവിതാവസാനം വരെ നമ്മളിൽ പെയ്തുകൊണ്ടേയിരിക്കും. ഇന്നസെന്റ് ചേട്ടന് ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നില്ല,മരിച്ചു പോയി എന്നും ഞാൻ വിശ്വസിക്കുന്നില്ല, അദ്ദേഹം ദൂരെ എവിടെയോ, നമുക്കൊന്നും കാണാൻ പറ്റാത്ത ഒരു ലൊക്കേഷനത്തിൽ ഷൂട്ടിങ്ങിന് പോയതാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. ഞാനുമുണ്ട് ആ സിനിമയിൽ പക്ഷേ എന്റെ ഡേറ്റ് ഇതുവരെ ആയിട്ടില്ല, ആവും, ആവാതിരിക്കാൻ പറ്റില്ലല്ലോ.എന്നാലും മാസത്തിൽ രണ്ടു തവണയെങ്കിലും എന്റെ ഫോണിൽ തെളിഞ്ഞു വരാറുള്ള ഇന്നസെന്റ് എന്ന പേര് ഇനി മുതൽ വരില്ല എന്നോർക്കുമ്പോൾ........'.ഇന്നലെ രാത്രി കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു ഇന്നസെന്റിന്റെ അന്ത്യം. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി താരത്തിന്റെ ആരോഗ്യനില മോശമായി തുടരുകയായിരുന്നു. കാൻസറിന് നേരത്തെയും ചികിത്സ തേടിയിട്ടുള്ള ഇന്നസെന്റ്, രോഗത്തെ അതിജീവിച്ച് ശക്തമായ തിരിച്ചുവരവ് നടത്തിയ വ്യക്തിയാണ്. കാൻസർ രോഗത്തെ തന്റെ ഇച്ഛാശക്തിയോടെ നേരിട്ട വ്യക്തിയായിട്ടാണ് നടൻ ഇന്നസെന്റ് അറിയപ്പെടുന്നത്. കാൻസർ വാർഡിലെ ചിരി എന്നത് ഉൾപ്പടേയുള്ള പുസ്തകങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്.2009-ലെ മികച്ച നടനുള്ള ഫിലിം ക്രിട്ടിക്സ് അവാർഡ് ഇന്നസെന്റിന് ലഭിച്ചു. കൂടാതെ, മികച്ച സഹനടനുള്ള സംസ്ഥാന സർക്കാർ അവാർഡും ഫിലിം ക്രിട്ടിക്സ് അവാർഡും മറ്റ് നിരവധി അംഗീകാരങ്ങളും ഇന്നസെന്റിനെ തേടിയെത്തി. ചലച്ചിത്ര താരങ്ങളുടെ സംഘടനയായ അമ്മയുടെ പ്രസിഡന്റ് സ്ഥാനത്ത് പതിനഞ്ച് വർഷം തുടർന്നു. 2014ൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പിന്തുണയോടെ ചാലക്കുടി നിയോജക മണ്ഡലത്തിന്റെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.









## 'പാവപ്പെട്ടവരെ വളരെയധികം സഹായിക്കാനുള്ള മനസുണ്ടായിരുന്നു അദ്ദേഹത്തിന്'; അബു സലിം

മുപ്പതോളം സിനിമകളിൽ ഇന്നസെന്റിനൊപ്പം ഒന്നിച്ച് അഭിനയിച്ചതിന്റെ ഓർമ്മകൾ പങ്കുവെക്കുകയാണ് നടൻ അബു സലിം,മലയാള സിനിമക്ക് മാത്രമല്ല വ്യക്തിപരമായും വലിയ നഷ്ടമാണ് ഇന്നസെന്റിന്റെ വിയോഗത്തിലൂടെ ഉണ്ടായതെന്നും അബു സലീം പറഞ്ഞു.'പുരാവൃത്തം എന്ന സിനിമയ്ക്കിടെയാണ് ഞാൻ ഇന്നസെന്റ് ചേട്ടനെ പരിചയപ്പെടുന്നത്. സിനിമാമേഖലയിലെ എല്ലാവർക്കും അറിയാം, ഒരുപോലെയാണ് എല്ലാവരേയും കണ്ടിരുന്നത്. അസുഖബാധിതനായ ശേഷവും അദ്ദേഹം സെറ്റിലോ അമ്മയുടെ മീറ്റിംഗിന് വന്നാലോ ഊർജസ്വലനായിരുന്നു. പാവപ്പെട്ടവരെ വളരെയധികം സഹായിക്കാനുള്ള മനസും ഇന്നസെന്റിനുണ്ടായിരുന്നു'- അബു സലിം പറഞ്ഞു.ഇന്നലെയാണ് മലയാളത്തിന്റെ പ്രിയ നടൻ ഇന്നസെന്റ് അന്തരിച്ചത്. 75 വയസായിരുന്നു. ഇന്ന്ഇരിങ്ങാലക്കുടയിലെ സെന്റ് തോമസ് കത്തീഡ്രലിലാണ് സംസ്കാരം.










# ആഡംബര കാർ ശ്രേണിക്കായി ബ്രേക്ക് പാഡുകൾ പുറത്തിറക്കി ബ്രേക്ക്സ് ഇന്ത്യ

ബ്രേക്ക്സ് ഇന്ത്യയുടെ ബ്രാൻഡായ ടിവിഎസ് അപ്പാച്ചെ ആഡംബര കാറുകൾക്കായുള്ള ഉയർന്ന പ്രകടനത്തിനായി സവിശേഷമായ അബ്രാസീവ് ഫിലിം ഉപയോഗിച്ച് രൂപകൽപ്പന ചെയ്ത പ്ലാറ്റിനം ബ്രേക്ക് പാഡുകൾ പുറത്തിറക്കി. സുഖപ്രദമായ ഡ്രൈവിംഗ് അനുഭവത്തിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ബ്രേക്ക് പാഡുകൾ പ്രീമിയം വാഹനങ്ങളുടെ മുന്നിലും പിന്നിലും ഉപയോഗിക്കാൻ സാധിക്കുന്നതാണ്.'ബ്രേക്ക് സിസ്റ്റത്തിൽ ആറ് പതിറ്റാണ്ടിലേറെ സാങ്കേതിക വൈദഗ്ധ്യമുള്ള ബ്രേക്ക്സ് ഇന്ത്യ, പാസഞ്ചർ കാർ ഫ്രിക്ഷൻ വിപണിയിലെ മുൻനിര കളിക്കാരനാണ്. നൂതന ഘർഷണ സാങ്കേതിക വിദ്യയുള്ള പ്ലാറ്റിനം ബ്രേക്ക് പാഡുകൾ ഞങ്ങൾ അനാച്ഛാദനം ചെയ്യുകയും പ്രീമിയം സെഗ്മെന്റിന് അനുസൃതമായി ഞങ്ങളുടെ ശ്രേണി വിപുലീകരിക്കുകയും ചെയ്യുന്നു. ആദ്യ ഘട്ടത്തിൽ, തിരഞ്ഞെടുത്ത ആഡംബര കാർ മോഡലുകൾക്കായി ഇത് അവതരിപ്പിക്കുന്നു, വരും മാസങ്ങളിൽ ശ്രേണി വിപുലീകരിക്കും.'' ബ്രേക്ക്സ് ഇന്ത്യയുടെ ഫ്രിക്ഷൻ ആൻഡ് ആഫ്റ്റർ മാർക്കറ്റ് ബിസിനസ് വൈസ് പ്രസിഡന്റ് സുജിത് എസ് നായക് പറഞ്ഞു.'പ്രീമിയം ഫോർമുലേഷനോടുകൂടിയ ആഗോള സവിശേഷതകൾക്കായി ബ്രേക്ക് പാഡുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത് ഈടുനിൽപ്പിന് വിട്ടുവീഴ്ച വരുത്താതെ ശാന്തവും ഉയർന്ന പ്രകടനമുള്ളതുമായ ബ്രേക്കിംഗ് നൽകുമെന്നും സുജിത് കൂട്ടിച്ചേർത്തു. പരിസ്ഥിതി സൗഹൃദ പ്രീമിയം കോപ്പർ ഫ്രീ ഫോർമുലേഷനുകൾക്കൊപ്പം വരുന്ന ഫ്രണ്ട് ബ്രേക്ക് പാഡുകൾ എസ്എഇജെ 2975 അനുസരിച്ച് ഏറ്റവും ഉയർന്ന എൻ കംപ്ലയൻസ് ലെവലും ഗ്ലോബൽ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നതുമാണ്.' അദ്ദേഹം കൂട്ടിച്ചേർത്തു.




# മണൽപ്പരപ്പിനെ മണൽത്തരിയിലേക്ക് പരാവർത്തനം ചെയ്യുന്ന അദ്ഭുതം: ബിനാലെവേദിയിൽ :കെ ആർ മീര

**കൊച്ചി:** ഒരു കഥയെ ഒരു ക്യാൻവാസിലേക്ക് നിറക്കൂട്ടിൽ ആവാഹിക്കുമ്പോൾ ഒരു മണൽപ്പരപ്പിനെ ഒരു മണൽത്തരിയിലേക്ക്, ഒരു മരത്തെ ഒരിലയിലേക്ക് ഒക്കെ പരാവർത്തനം ചെയ്യുന്ന അദ്ഭുതകരമായ രീതിയായാണ് തനിക്ക് അനുഭവപ്പെടുന്നതെന്ന് എഴുത്തുകാരി കെ ആർ മീര. വായനയുടെ ഒരു ആറ്റിക്കുറുക്കിയെടുത്ത ഒരംശമാണ് ഓരോ ചിത്രവും. ഫോർട്ട്കൊച്ചി കബ്രാൾയാർഡിലെ ബിനാലെ വേദിയിൽ സംഘടിപ്പിച്ച 'അക്ഷരാർട്ഥം' ജലച്ഛായ ക്യാമ്പിൽ തന്റെ കഥകളെ ആസ്പദമാക്കി വരഞ്ഞ വർണചിത്രങ്ങൾ ആസ്വദിച്ച ശേഷം പ്രതികരിക്കുകയായിരുന്നു അവർ.കെ ആർ മീരയുടെ 'മോഹമഞ്ഞ', 'സർപ്പയജ്ഞം', 'ഏകാന്തതയുടെ നൂർ വർഷങ്ങൾ' എന്നീ കഥകൾ പ്രമേയമാക്കി ബിനാലെ ചിത്രകാരി ഇ എൻ ശാന്തി ഉൾപ്പെടെ 20 പ്രമുഖ കലാകൃത്തുക്കളാണ് നിറങ്ങൾ ചാലിച്ച് ദൃശ്യങ്ങളൊരുക്കിയത്. ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരിയും കഥാകൃത്തിനൊപ്പം സന്നിഹിതനായി. തുടർന്ന് ബിനാലെ പവിലിയനിൽ കലാകൃത്തുക്കളുമായി എഴുത്തുകാരി സംവദിച്ചു. ക്യാമ്പ് ഡയറക്ടർ സുനിൽ ലിനസ് ഡെ ആമുഖ അവതരണം നടത്തി.കഥകളുടെ ആത്മാവ് അറിഞ്ഞ് വരച്ചു എന്നത് വലിയ അംഗീകാരമായി കരുതുന്നുവെന്ന് മീര പറഞ്ഞു. പ്രതീക്ഷിക്കാത്തവിധം വളരെ മനോഹരമായ ചിത്രങ്ങളാണ് ആവിഷ്കൃതമായത്. ഇത് ആദ്യാനുഭവമാണ്. ചിത്രണത്തിനു വേറൊരു തരം വായനയുമുണ്ട്. ഒരുചിത്രവും കഥയും തമ്മിൽ ഭാവനയുടെ ഒരു പരിസരത്ത് വച്ചു കണ്ടുമുട്ടുകയും കൂടിക്കലരുകയും ഒന്നു മറ്റൊന്നായി തീരുകയും ചെയ്യുന്നുണ്ട്. വാങ്മയ ചിത്രമാണ് കഥയിൽ അല്ലെങ്കിൽ കവിതയിലൂടെ വരുന്നതെന്ന് എല്ലാവരും പറയാറുണ്ട്. എവിടെയോ വച്ച് ഏതോ കാലത്ത് താൻ കണ്ട കാഴ്ച വാക്കുകളിലൂടെ ഞാൻ ആവിഷ്കരിച്ചത് രണ്ടാമതൊന്ന് പരാവർത്തനം ചെയ്തെടുത്തിരിക്കുകയാണ് ഇവിടെ വർണങ്ങളിലൂടെ. ചിലത് വ്യത്യസ്തവുമാണ്.ഇല്ലസ്ട്രേഷനുകളിൽ നിന്ന് വ്യതിരിക്തമാണ് ക്യാമ്പിലെ ഈ ചിത്രങ്ങൾ. ഓരോ കഥയെയും കലാകൃത്തുക്കൾ ഉൾക്കൊണ്ട രീതികൂടി ഇവിടെ വരുന്നുണ്ട്. ഇത് വേറിട്ടൊരു ആസ്വാദനമാണ്. ഒരു ആർട്ടിസ്റ്റ് കഥ വായിച്ചതെങ്ങനെ എന്നാണ് ഇവയിൽ നിന്ന് താൻ മനസ്സിലാക്കുന്നത്. ഒരു കഥയിൽ നിന്നെടുക്കുന്ന അന്തസത്തയുടെ ദൃശ്യമാണിത്. ഇല്ലസ്ട്രേഷനിലും ഉൾക്കൊള്ളലും സ്വാംശീകരണവുമൊക്കെ നടക്കുന്നുണ്ടെങ്കിലും അതിൽ നിന്നെല്ലാം വ്യത്യസ്തമായി കാണുന്നത് ഇതാണ്.കഥയിൽ എന്താണോ പറയാൻ ആഗ്രഹിച്ചത്, അത് വേറൊരു രീതിയിൽ വർണ്ണങ്ങൾ വാക്കുകളാക്കി പറയാനുള്ള ശ്രമമാണല്ലോ ചിത്രങ്ങൾ. ആ രീതിയിൽ ഓരോ ചിത്രണവും അദ്ഭുതപ്പെടുത്തുന്നു. ഭാവന ഉരുവപ്പെടുന്നത് ഒക്കെ ഒരേ ഇടത്തുനിന്നാണെന്ന് തോന്നുന്ന തരത്തിലുള്ള സംഗതികളാണ് ഇതെല്ലം.എഴുതുന്ന ആളെ സംബന്ധിച്ച് ഏറ്റവും വലിയ ഭാഗ്യമെന്നു പറയുന്നത്, ഏതൊക്കെ രീതിയിൽ വായിക്കപ്പെടുന്നു എന്നതാണ്. ഒരു കഥ, വാക്ക്, പ്രയോഗം, മറ്റൊരു കലാഹൃദയത്തെ സ്പർശിക്കുന്നു, ഉത്തേജിപ്പിക്കുന്നു മറ്റൊരുതരം കലാസൃഷ്ടിയിലേക്ക് നയിക്കുന്നു എങ്കിൽ അതാണ് ഏറ്റവും പ്രധാനമെന്നും കെ ആർ മീര അഭിപ്രായപ്പെട്ടു.വെറ്റ്പാലറ്റ് ആർട്ട് ഗ്രൂപ്പിന്റെയും എബിസി ആർട്ട്റൂമിന്റെയും സഹകരണത്തോടെയാണ് 'അക്ഷരാർട്ഥം' ക്യാമ്പ് സംഘടിപ്പിച്ചത്.

# തോൽപ്പാവക്കൂത്ത് ജീവിതം പറയുന്ന 'നിഴലാഴം' സിനിമയുടെ ആദ്യപ്രദർശനം ഇന്ന് ബിനാലെയിൽ

കൊച്ചി: അനുഷ്ഠാന കലയായ തോൽപ്പാവക്കൂത്ത് അവതരിപ്പിക്കുന്ന കലാകാരന്മാരുടെ ജീവിതം പ്രമേയമായ ആദ്യ ചലച്ചിത്രം 'നിഴലാഴം' (ഠവല റലുവേ ീള വെമറീം) ഇന്ന് (മാർച്ച് 28) ബിനാലെ വേദിയിൽ പ്രദർശിപ്പിക്കും. സിനിമയുടെ പ്രീമിയർ ഷോ ആണ് വൈകിട്ട് ഏഴിന് ഫോർട്ട്കൊച്ചി കബ്രാൾയാർഡ് ബിനാലെ പവലിയനിൽ. തുടർന്ന് ചലച്ചിത്രകാരൻമാരുമായി സംവാദം നടക്കും. തോൽപ്പാവക്കൂത്ത് പ്രമുഖനും 13 തലമുറകളുടെ പാരമ്പര്യമുള്ള വ്യക്തിത്വവുമായ കെ വിശ്വനാഥ പുലവരും കുടുംബവും ഈ രംഗത്തേക്ക് കടന്നുവന്ന വഴിയും കലാകാരന്മാരുടെ ജീവിതവുമാണ് രാഹുൽ രാജ് തിരക്കഥയൊരുക്കി സംവിധാനം ചെയ്ത നിഴലാഴത്തിന്റെ ഇതിവൃത്തം. 1970കളിൽ വേരറ്റുപോകുമെന്ന് ഭീഷണി നേരിട്ട കലാരൂപത്തിന്റെ സിനിമാവിഷ്കാരത്തിന്റെ ചിത്രീകരണം 2019ൽ ആരംഭിച്ചതാണ്. ബിലാസ് ചന്ദ്രഹാസൻ, വിവേക് വിശ്വം, അഖിലനാഥ്, സിജി പ്രദീപ്, വിശ്വനാഥ പുലവർ എന്നിവരാണ് പ്രധാന വേഷങ്ങളിൽ. ക്യാമറ: അനിൽ കെ ചാമി.കബ്രാൾയാർഡ് ആർട്ട്റൂമിൽ സംഗീത - നാടകകാരൻ സന്ദീപ് ജയരാജ് നേതൃത്വം നൽകുന്ന 'റിഥം വോയ്സ് - ദി അദർ സൈഡ്' ശിൽപശാല ഇന്നും നാളെയു(28, 29)മായി നടക്കും. രാവിലെ പത്തുമുതൽ നാലുവരെ നടക്കുന്ന ശിൽപശാലയുടെ ആദ്യ ദിനം ശബ്ദത്തിലും രണ്ടാം ദിവസം താളലയത്തിലും ഊന്നും.












# ലക്ഷണങ്ങളെല്ലാം നിസാരമായി തോന്നും, പക്ഷെ പതിയിരിക്കുന്നത് തൊണ്ടയിലെ കാൻസർ

ശ്വാസനാളത്തിന്റെ കോശങ്ങളിൽ രൂപം കൊള്ളുന്ന തൊണ്ടയിലെ കാൻസർ പല തരത്തിലാണ് രോഗിയുടെ ശരീരത്തിൽ പിടിമുറുക്കുന്നത്.നിസ്സാര ലക്ഷണങ്ങൾ മാത്രമാണ് തുടക്കത്തിൽ പ്രകടമാകുക, അതുകൊണ്ടുതന്നെ പലരും ഇത് ഗൗരവമായി കാണാറില്ല. എന്നാൽ അശ്രദ്ധയോടെ കാണേണ്ട ഒന്നല്ല തൊണ്ടയിലെ കാൻസർ. തൊണ്ടയെ ബാധിക്കുന്ന ആറ് തരം കാൻസറുകൾ പ്രധാനമായും ആറ് തരം കാൻസറുകളാണ് തൊണ്ടയെ ബാധിക്കുന്നത്. മൂക്കിൽ നിന്ന് ആരംഭിച്ച് തൊണ്ടയിലെത്തുന്ന നാനാസോഫാരിങ്സ് കാൻസർ ആണ് ഒന്ന്. മറ്റൊന്ന് വായിൽ നിന്ന് ആരംഭിക്കുന്ന ഓറോഫാരിങ്സ് കാൻസർ ആണ്. കാൻസർ ടോൺസിലുകൾ ഇതിന്റെ ഭാഗമാണ്. തൊണ്ടയുടെ താഴത്തെ ഭാഗത്ത് നിന്നാരംഭിക്കുന്ന ഹൈപ്പോഫാരിങ്സ് കാൻസർ, വോക്കൽ കോഡിൽ നിന്ന് ആരംഭിക്കുന്ന ഗ്ലോട്ടിക് കാൻസർ, ശ്വാസനാളത്തിന്റെ മുകൾ ഭാഗത്ത് നിന്ന് അതായത് നാവിന്റെ അടിഭാഗം പോലുള്ള ഭാഗത്ത് നിന്നാരംഭിക്കുന്ന സുപ്രഗ്ലോട്ടിക് കാൻസർ, ശ്വാസനാളത്തിന്റെ അടിയിൽ നിന്ന് ആരംഭിക്കുന്ന സബ്ഗ്ലോട്ടിക് കാൻസർ തുടങ്ങിയവയാണ് തൊണ്ടയെ ബാധിക്കുന്ന മറ്റ് കാൻസറുകൾ.ഏറ്റവും കൂടുതലായി പുരുഷൻമാരെയാണ് തൊണ്ടയിലെ കാൻസർ അലട്ടുന്നത്. അമിതമായ മദ്യപാനം, പുകവലി, സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധം തുടങ്ങിയവ തൊണ്ടയിലെ കാൻസറിന് കാരണമാകും. തൊണ്ടയടപ്പ്, പരുഷമായ ശബ്ദം, ചെവിയിൽ തുടർച്ചയായി വേദന, തളർച്ച, വീർത്ത ലിംഫ് നോഡ്, ശരീരഭാരത്തിൽ പെട്ടെന്നുണ്ടാകുന്ന വ്യത്യാസം (ഭാരം കുറയുകയും കൂടുകയും ചെയ്യുന്നത്), വിട്ടുമാറാത്ത ചുമ, ശ്വസിക്കാൻ ബുദ്ധിമുട്ട്, പേശിവേദന അല്ലെങ്കിൽ സന്ധി വേദന പതിവായി അലട്ടുക, കാരണമില്ലാതെ വരുന്ന പനി, രാത്രിയിൽ വിയർക്കുന്നത് ഇവയെല്ലാം തൊണ്ടയിലെ കാൻസറിന്റെ ലക്ഷണങ്ങളാണ്.തൊണ്ടയുടെ ഏത് ഭാഗത്താണ് കാൻസർ പിടിമുറുക്കിയിരിക്കുന്നത് എന്നതനുസരിച്ച് ലക്ഷണങ്ങളിലും വ്യത്യാസമുണ്ടാകും. പക്ഷെ രണ്ടാഴ്ചയിൽ കൂടുതൽ നിലനിൽക്കുന്ന ചുമ, ഒച്ചയടപ്പ്, ഭക്ഷണമിറക്കാൻ ബുദ്ധിമുട്ട് തുടങ്ങിയ ബുദ്ധിമുട്ടുകൾ കണ്ടില്ലെന്ന് നടിക്കരുത്. ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ കൃത്യമായ പരിശോധനകൾ നടത്തി കാൻസർ അല്ലെന്ന് ഉറപ്പാക്കണം. കാൻസർ നേരത്തേ കണ്ടെത്താൻ കഴിഞ്ഞാൽ കൂടുതൽ ഫലപ്രദമായ ചികിത്സ സാധ്യമാകും.



## വയർപെരുക്കം ഉള്ളവർ ഈ ഭക്ഷണങ്ങൾ കഴിക്കരുത്

ചില ഭക്ഷണങ്ങൾ ബ്ലോട്ടിങിന് കാരണമാകും. അതിൽ പ്രധാനിയാണ് ബീൻസ്. കാരണം ഇതിൽ നിറയെ ഫൈബർ അടങ്ങിയിട്ടുണ്ട്. മറ്റൊന്ന് ഉള്ളിയാണ്. ഇതിൽ അടങ്ങിയിട്ടുള്ള സോലുബിൽ ഫൈബറും ബ്ലാട്ടിങിന് കാരണമാകും. പലതരം പച്ചക്കറികൾ അടങ്ങിയ സാലഡുകളിൽ നിറയെ ഫൈബർ അടങ്ങിയിട്ടുണ്ട്. ഇതും ബ്ലോട്ടിങിന് കാരണമാകും.കാർബണേറ്റ് ചെയ്ത പാനിയങ്ങളിൽ നിറയെ കാർബൺ ഡൈ ഓക്സേഡ് അടങ്ങിയിട്ടുണ്ട്. ഇതും വയർ വീർത്തു വരുന്നതിന് കാരണമാകും.



## ആരോഗ്യത്തിന് കഴിക്കാം മാതളനാരങ്ങ

ജ്യൂസായും, പഴമായും കഴിക്കാൻ കുട്ടികൾക്കും മുതിർന്നവർക്കും ഏറെ ഇഷ്ടമുള്ള ഒന്നാണ് അനാർ അഥവാ മാതളനാരങ്ങ.ശരീരത്തിന് ആരോഗ്യം തരാൻ ഇതിലും നല്ലൊരു പഴമില്ല. ധാരാളം പോളിഫിനോളുകൾ അടങ്ങിയിട്ടുള്ളതാണ് മാതളനാരങ്ങ.വൈറ്റമിൻ സിയുടെ കലവറയാണ് മാതള പഴം. വേനൽ കാലമായതോടെ വിപണിയിൽ മാതളനാരങ്ങക്ക് ആവശ്യക്കാരേറെയാണ്.കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും ഒരുപോലെ കഴിക്കാം എന്നതിനാൽ വേനൽകാലത്ത് ജ്യൂസാക്കി കഴിക്കുന്നവരും ഏറെയാണ്.ഫൈബർ നന്നായി അടങ്ങിയിട്ടുള്ള മാതളനാരങ്ങ കഴിക്കുന്നത് കുടലിന്റെ ആരോഗ്യത്തിനും, ദഹനം നന്നായി നടക്കുന്നതിനും സഹായിക്കുന്നു. വേനൽകാലത്ത് ഉണ്ടാകുന്ന നിർജലീകരണം തടഞ്ഞ് ആരോഗ്യം നിലനിർത്താൻ മാതളനാരങ്ങ കഴിക്കുന്നത് ശീലമാക്കാം.





# അപസ്മാരം പ്രതിരോധിക്കാം, ചികിത്സയിലൂടെ

തലച്ചോറിനെ ബാധിക്കുന്ന ഒരു രോഗാവസ്ഥയാണ് അപസ്മാരം. ആയിരക്കണക്കിന് ന്യൂറോണുകളുടെ ഇലക്ട്രിക്കൽ ഇംപൾസ് വഴിയാണ് മനുഷ്യ ശരീരത്തിൽ മസ്തിഷ്കത്തിന്റെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നത്.ചിന്താശേഷി, കൈകാലുകളുടെ ചലനം, സംസാരം, ബുദ്ധിശക്തി തുടങ്ങി ശരീരത്തിലെ പ്രവർത്തനങ്ങളെല്ലാം ഇതിനെ ആശ്രയിച്ചാണ് മുന്നോട്ടുപോകുന്നത്. എന്നാൽ, ഈ ഇലക്ട്രിക്കൽ ഇംപൾസ് തലച്ചോറിൻറെ ഏതെങ്കിലും ഒരു വശത്തോ അല്ലെങ്കിൽ മസ്തിഷ്കത്തിൽ മുഴുവനായോ അനിയന്ത്രിത രീതിയിൽ പ്രവഹിക്കുന്നതാണ് അപസ്മാരത്തിന് കാരണമാകുന്നത്.ജനിതക വ്യതിയാനങ്ങൾ മൂലമോ തലച്ചോറിൻറെ ഘടനയിലുണ്ടാകുന്ന ഏതെങ്കിലും മാറ്റത്തിന്റെ ഭാഗമായോ കുറഞ്ഞ സമയത്തിനുള്ളിൽ അപസ്മാര ലക്ഷണങ്ങൾ പ്രകടമാകും. ചിലരിൽ പെട്ടെന്ന് ശരീരത്തിലെ ഓക്സിജൻ നില, പഞ്ചസാരയുടെ അളവ് എന്നിവ കുറയുക, തലയിൽ ട്യൂമർ രൂപപ്പെടുന്നതിന്റെ ഭാഗമായോ മറ്റേതെങ്കിലും രോഗാവസ്ഥകളുടെ ഭാഗമായോ അപസ്മാരം ഉണ്ടാകാം. ഗുരുതര രീതിയിൽ കൈകാലുകൾ വിറച്ചു തുള്ളിക്കൊണ്ട് അഞ്ച് മിനിറ്റിൽ കൂടുതൽ നേരം അപസ്മാരം അനുഭവപ്പെടുന്നത് സ്റ്റാറ്റസ് എപിലിപ്സ്റ്റക്കസ് എന്നാണ് അറിയപ്പെടുന്നത്. ഇത്തരത്തിൽ അനുഭവപ്പെടുന്ന രോഗികളെ ഉടൻ ആശുപത്രിയിലെത്തിക്കാൻ ശ്രദ്ധിക്കണം.അപസ്മാര ലക്ഷണങ്ങൾ പലതവണ അനുഭവപ്പെടുന്നവരിലാണ് ഇതൊരു രോഗാവസ്ഥയായി കണക്കാക്കുന്നത്. മറ്റ് രോഗാവസ്ഥകളുടെ ഭാഗമായോ ചില ശാരീരിക അവസ്ഥകളുടെ ഭാഗമായോ വിരളമായി മാത്രം അപസ്മാര ലക്ഷണങ്ങൾ അനുഭവപ്പെടുന്നത് അപസ്മാരം എന്ന രോഗാവസ്ഥയായി കണക്കാക്കാനാകില്ല.

ജനറലൈസ്ഡ് എപിലപ്സി

തലച്ചോറിൻറെ ഇരുവശങ്ങളിൽ നിന്നും ബാധിക്കുന്ന അപസ്മാരമാണ് ജനറലൈസ്ഡ് എപലിപ്സി. കൈകാലുകൾ ബലം വെക്കുകയും അനിയന്ത്രിതമായ ചലനം അനുഭവപ്പെടുകയും ചെയ്യുക, മുഖം ഒരു വശത്തേക്ക് കോടിപ്പോ കുക, വായിൽനിന്ന് നുരയും പതയും വരുക, അബോധാവസ്ഥയിലാവുക, മൂത്രം അറിയാതെ പോവുക തുടങ്ങിയവയാണ് സാധാരണ അനുഭവപ്പെടുന്ന ലക്ഷണങ്ങൾ. കൂടുതൽ രോഗികളിലും കാണപ്പെടുന്ന അവസ്ഥ ഇതാണ്. ഫോക്കൽ എപിലപ്സി: മസ്തിഷ്കത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തു നിന്ന് ബാധിച്ചുകൊണ്ട് രോഗ ലക്ഷണങ്ങൾ പ്രകടമാകുന്നതാണ് ഫോക്കൽ എപിലപ്സി.

കോംപ്ലക്സ് പാർഷ്യൽ സീഷേഴ്സ്

കോംപ്ലക്സ് പാർഷ്യൽ സീഷേഴ്സ് എന്ന മറ്റൊരു വിഭാഗവും അപസ്മാരത്തിനുണ്ട്. സാധാരണ ലക്ഷണങ്ങളിൽ നിന്ന് വ്യത്യസ്തമായാണ് ഇത് അനുഭവപ്പെടുക. ഒരു വശത്തേക്ക് തുറിച്ചു നോക്കുക, മുഖം, ചുണ്ട് എന്നിവകൊണ്ട് അസാധാരണമായ ചേഷ്ടകൾ കാണിക്കുക, കൈകൾ ശക്തമായി അനുഭവപ്പെടുക തുടങ്ങിയവയെല്ലാമാണ് ഇതിൻറെ ലക്ഷണങ്ങൾ. സാധാരണ ഇത് അനുഭവപ്പെടുന്നതിന് തൊട്ടുമുമ്പ് വയറിനുള്ളിൽ ഉരുണ്ടുകയറ്റം, അകാരണമായ ഭയം അനുഭവപ്പെടുക തുടങ്ങിയവയെല്ലാം ഇതിൻറെ ലക്ഷണങ്ങളാണ്. അതുകൊണ്ടു തന്നെ രോഗികൾക്ക് പലപ്പോഴും ഈ അവസ്ഥ മുൻകൂട്ടി തിരിച്ചറിയാൻ സാധിക്കും.

ആബ്സന്റ് സീഷേഴ്സ്

5 – 10 വയസ്സ് വരെയുള്ള കുട്ടികളിൽ കാണപ്പെടുന്ന അവസ്ഥയാണ് ആബ്സന്റ് സീഷേഴ്സ്. കുറഞ്ഞ സമയത്തേക്ക് മാത്രമാണ് ഇത് അനുഭവപ്പെടുക. അതുകൊണ്ടു തന്നെ പലപ്പോഴും തിരിച്ചറിയാതെ പോകാനും സാധ്യതയുണ്ട്. ചില കുട്ടികളിൽ തുടർച്ചയായി കണ്ണിമ ചിമ്മുക, കാഴ്ചയിൽ കുറഞ്ഞ സെക്കൻഡ് നേരത്തേക്ക് പ്രശ്നങ്ങൾ ഉണ്ടാകുക തുടങ്ങിയ ലക്ഷണങ്ങൾ കാണാം. പഠനത്തിൽ ശ്രദ്ധിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ടാകാം. കുട്ടികളുടെ സ്വഭാവരീതി, ശരീര ഭാഷ എന്നിവയിൽ പെട്ടെന്ന് മാറ്റങ്ങൾ അനുഭവപ്പെടാം.

പ്രഥമ ശുശ്രൂഷ എങ്ങനെ ?

അപസ്മാരം ഏത് സമയത്തും സംഭവിക്കാമെന്നതിനാൽ പ്രഥമ ശുശ്രൂഷ എല്ലാവരും തന്നെ അറിഞ്ഞിരിക്കേണ്ടതാണ്. രോഗിയെ ആദ്യം സുരക്ഷിതമായ സ്ഥലത്തേക്ക് കിടത്തുകയാണ് ഇതിൽ പ്രധാനം. നിയന്ത്രിക്കാനവാത്തവിധം ശരീര ചലനങ്ങൾ ഉണ്ടാകുമെന്നതിനാൽ അപകട സാധ്യതയില്ലാത്ത സ്ഥലത്ത് രോഗിയെ കിടത്താൻ ശ്രദ്ധിക്കണം. രോഗ ലക്ഷണങ്ങൾ പ്രകടമാകുന്ന സമയത്ത് തറയിലോ സമീപത്തുള്ള വസ്തുക്കളിലോ ഇടിച്ച് പരിക്കേൽക്കാൻ സാധ്യതയുള്ളതിനാൽ തലക്ക് താഴെ മൃദുവായ തുണി, തലയിണ പോലുള്ളവ വെക്കുന്നത് ഗുണം ചെയ്യും. അബോധാവസ്ഥയിലായതിനാൽ വായിലുള്ള തുപ്പലും കൊഴുപ്പും കലർന്ന ദ്രാവകം ശ്വസനനാളത്തിൽ പോയി അടയാതിരിക്കാൻ രോഗിയെ ചരിച്ച് കിടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. സാധാരണ ഒന്നോ രണ്ടോ മിനിറ്റ് മാത്രമാണ് അപസ്മാരം ഉണ്ടാകുന്നത്, കൂടുതൽ സമയം രോഗലക്ഷണങ്ങൾ പ്രകടമാകുന്നുവെങ്കിൽ തൊട്ടടുത്തുള്ള ആശുപത്രിയിൽ എത്തിക്കേണ്ടതുണ്ട്.

ഇരുമ്ബു വസ്തുക്കൾ നൽകരുത്

അപസ്മാര ലക്ഷണങ്ങൾ തിരിച്ചറിഞ്ഞാൽ ഉടൻ തന്നെ ഇരുമ്ബു കൊണ്ടുള്ള വിവിധ ഉപകരണങ്ങൾ രോഗിയുടെ കൈയിൽ പിടിപ്പിക്കുന്ന രീതി പിന്തുടരുന്നവരുണ്ട്. എന്നാൽ, ഇത് തികച്ചും അശാസ്ത്രീയമാണ്. മാത്രമല്ല, ഇത്തരം വസ്തുക്കൾ കൈയിൽ വെക്കുന്നത് പലപ്പോഴും അപകട സാധ്യതയുണ്ടാക്കുകയും ചെയ്യും.


ചികിത്സകൊണ്ട് പ്രതിരോധിക്കാം

നിർബന്ധമായും ചികിത്സ ആവശ്യമായ ഒരു രോഗാവസ്ഥയാണ് അപസ്മാരം. മരുന്നുകൾ നൽകിക്കൊണ്ട് അപസ്മാരം പൂർണമായി മാറ്റാൻ സാധിക്കില്ല, എന്നാൽ, അപസ്മാരം വരാതെ ശരീരത്തെ സംരക്ഷിക്കാൻ തുടർച്ചയായി മരുന്ന് ഉപയോഗിക്കുന്നതിലൂടെ സാധിക്കും. ചിലരിൽ വർഷത്തിലൊരിക്കൽ മാത്രമാണ് അവസ്ഥയുണ്ടാകുന്നതെങ്കിൽ ആനുപാതികമായി മരുന്നിൻറെ അളവ് കുറക്കാം. 30 ശതമാനം രോഗികളിൽ ഒന്നോ രണ്ടോ മരുന്നുകൾ നൽകിയാലും രോഗ ലക്ഷണങ്ങൾ നിയന്ത്രിക്കാനാവാതെ വരും. റിഫ്രാക്ടറി എപിലപ്സി എന്നറിയപ്പെടുന്ന ഈ അവസ്ഥ മാറ്റിയെടുക്കാൻ ശസ്ത്രക്രിയ പോലുള്ള മാർഗങ്ങൾ സ്വീകരിക്കേണ്ടതായി വരും.അപസ്മാരം പ്രതിരോധിക്കുന്നതിന് ചികിത്സയോടൊപ്പം കൃത്യമായ ഉറക്കം ലഭിക്കുന്ന വിധത്തിൽ ജീവിതശൈലി ക്രമപ്പെടുത്തേണ്ടതുണ്ട്. ഉറക്കം നഷ്ടമാകുന്നത് പലപ്പോഴും അപസ്മാരം സംഭവിക്കാൻ വഴിവെക്കും. കൂടാതെ റിഫ്ലക്സ് എപിലപ്സി അനുഭവിക്കുന്ന രോഗികൾക്ക് ഫ്ലാഷ് ലൈറ്റുകളിലേക്ക് നോക്കുക, വിഡിയോ ഗെയിം കളിക്കുക തുടങ്ങിയവ ചെയ്യുന്ന സമയത്ത് അപസ്മാരം സംഭവിക്കാം. അതിനാൽ ഇത്തരം കാര്യങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കണം. ഓരോരുത്തരിലും കാരണങ്ങൾ വ്യത്യാസപ്പെടാമെന്നതിനാൽ ഇത് തിരിച്ചറിയേണ്ടത് പ്രധാനമാണ്.കൃത്യമായ ചികിത്സയും കരുതലുമുണ്ടെങ്കിൽ നിത്യജീവിതത്തെ ബാധിക്കുന്ന ഒരു രോഗാവസ്ഥയല്ല അപസ്മാരം. ഇത് ശരീരത്തിലെ മറ്റ് അവയവങ്ങളെ ദോഷകരമായി ബാധിക്കുകയോ ഗുരുതര പ്രശ്നങ്ങൾ സൃഷ്ടിക്കുകയോ ഇല്ല. അതുകൊണ്ട് തന്നെ ഇത്തരം ആളുകൾക്ക് സാധാരണ ജീവിതം നയിക്കുന്നതിന് പ്രയാസമില്ലെന്നത് തിരിച്ചറിയണം. സ്ത്രീകളിലെ ഗർഭധാരണം, പ്രസവം തുടങ്ങിയവക്കൊന്നും അപസ്മാരം മൂലം പ്രശ്നങ്ങൾ അനുഭവപ്പെടാറില്ല.




# റാനിറ്റിഡിൻ ഉപയോഗം ക്യാൻസറിന് കാരണമാകില്ലെന്ന് പഠനം

**കൊച്ചി:** ആമാശയത്തിലെ അൾസർ രോഗത്തിന്റെ ചികിത്സയ്ക്കു വേണ്ടി കഴിക്കുന്ന റാനിറ്റിഡിൻ, ക്യാൻസറിന് കാരണമാകില്ലെന്ന് ലോകത്തെ പ്രമുഖ മൾട്ടി ഡിസിപ്ലിനറി സയൻസ് ജേണലായ നേച്ചർ പ്രസിദ്ധീകരിച്ച ശാസ്ത്ര റിപ്പോർട്ടുകളിലെ പഠനത്തിൽ കണ്ടെത്തി.12680 ഓളം റാനിറ്റിഡിൻ ഉപയോക്താക്കളുടെയും 12680 എച്ച്ടു ആർ എ (റാനിറ്റിഡിൻ പോലുള്ള മരുന്നുകൾ) ഉപയോക്താക്കളിലും നടത്തിയ പഠനത്തിലാണ് പുതിയ കണ്ടെത്തൽ. ഇതോടുകൂടി റാനിറ്റിഡിൻ ഉപയോഗം ക്യാൻസറിന് കാരണമാകും എന്ന നീണ്ടകാലത്തെ വാദത്തിന് വിരാമമായിരിക്കുകയാണ്. പുതിയ കണ്ടെത്തലിന് കൂടുതൽ ആധികാരികത നൽകുന്ന വിവരങ്ങളാണ് നേച്ചറിന്റെ പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ലബോറട്ടറി പഠനങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് മനുഷ്യനിൽ കാൻസർ രോഗത്തിന് കാരണമാകുന്ന എൻ–നൈട്രസോഡൈ മീതയിലമീന്റെ (എൻ ഡി എം എ) സാന്നിധ്യം 2019 ൽ പല റാനിറ്റിഡിൻ ഉൽപ്പന്നങ്ങളിലും അനിയന്ത്രിതമായ അളവിൽ കണ്ടെത്തിയതിനെ തുടർന്ന് വിപണികളിൽ നിന്നും റാനിറ്റിഡിൻ ഉൽപ്പന്നങ്ങളെ പിൻവലിക്കുവാനുള്ള നടപടി സ്വീകരിച്ചിരുന്നു.എന്നാൽ പിന്നീട് നടന്ന പഠനങ്ങളിൽ, റിപ്പബ്ലിക് ഓഫ് കൊറിയയിലെ സുങ്ക്യുങ്ക്വാൻ സർവകലാശാലയിലെ പ്രധാന ഗവേഷകരിൽ ഒരാളായ ജു യംഗ് ഷിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും റാനിറ്റിഡിൻ ക്യാൻസറിന് കാരണമാകും എന്ന വാദത്തെ നിഷേധിച്ചുകൊണ്ട് രംഗത്ത് വന്നു.എൻ ഡി എം എ സാന്നിധ്യമുള്ള റാനിറ്റിഡിനിൽ ക്യാൻസർ ഉണ്ടാവാനുള്ള സാധ്യതകലുണ്ടെന്ന വാദം അടിസ്ഥാനരഹിതമാണെന്ന് ജു യംഗ് ഷിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും അഭിപ്രായപ്പെടുന്നു.'നേച്ചർ പ്രസിദ്ധീകരിച്ച ദക്ഷിണ കൊറിയൻ റെട്രോസ്പെക്റ്റീവ് പഠനം റാനിറ്റിഡിനും ക്യാൻസറും തമ്മിൽ യാതൊരുവിധ ബന്ധവുമില്ല എന്നുള്ള മുൻ പഠനങ്ങളുടെ വിലയിരുത്തലുകൾക്ക് കൂടുതൽ ശക്തി നൽകുന്നു. മരുന്നിന് 43 വർഷത്തോളം നീണ്ടുനിൽക്കുന്ന ചരിത്രമുണ്ട്. ലഭ്യമായ ശാസ്ത്രീയ തെളിവുകൾ വിലയിരുത്തുമ്ബോൾ റാനിറ്റിഡിൻ സുരക്ഷിതമായി ഉപയോഗിക്കുവാൻ കഴിയും,' കൊച്ചിയിലെ എവർഷൈൻ ഹോസ്പിറ്റൽ മാനേജിങ് ഡയറക്ടർ ഡോ. പ്രദീപ് മാത്യു പറഞ്ഞു.നാല് ദശാബ്ദത്തോളമായി വിപണിയിൽ നിലനിൽക്കുന്ന റാനിറ്റിഡിൻ ലോകാരോഗ്യ സംഘടനയുടെ അവശ്യമരുന്നുകളുടെ പട്ടികയിൽ വളരെ വർഷങ്ങളായി ഉൾപ്പെട്ടിട്ടുള്ളതാണ്. പെപ്റ്റിക് അൾസർ രോഗം, ഗ്യാസ്ട്രോ ഈസോഫേഷ്യൽ റിഫ്ലക്സ് രോഗം, സോളിംഗർ–എലിസൺ സിൻഡ്രോം എന്നിവയുടെ ചികിത്സയ്ക്കുവേണ്ടി ഫലപ്രദമായി ഉപയോഗിക്കുന്ന മരുന്നാണ് റാനിറ്റിഡിൻ. വലുതും ചെറുതുമായ ഫാർമസ്യൂട്ടിക്കൽ കമ്ബനികൾ ഈ മരുന്ന് നിർമ്മിക്കുന്നു'ഏകദേശം മൂന്നു വർഷങ്ങളായാണ് റാനിറ്റിഡിനും ക്യാൻസർ ബാധയും തമ്മിലുള്ള ബന്ധത്തെ പറ്റിയുള്ള വാദപ്രതിവാദങ്ങൾ നടന്നുവരുന്നത്. എന്നാൽ നാല് ദശാബ്ദ കാലത്തോളമായി മരുന്ന് വിപണിയിൽ ലഭ്യമാണ്. 40 വർഷത്തോളമായി ഞാൻ ഈ മരുന്ന് ചികിത്സയ്ക്ക് വേണ്ടി ഉപയോഗിച്ചുവരുന്നു. നെഞ്ചരിച്ചിൽ, ദഹനക്കേട്, ആസിഡ് റിഫ്ലക്സ് എന്നീ രോഗങ്ങൾ അലട്ടുന്ന രോഗികളെ ചികിത്സിക്കുവാൻ വേണ്ടി വർഷങ്ങളായി ഞാനും എന്റെ സഹപ്രവർത്തകരും മരുന്ന് ഉപയോഗിക്കുകയാണ്. ഇക്കാലയളവിൽ ഒരു ക്യാൻസർ രോഗിയെ പോലും ഞാൻ കണ്ടിട്ടില്ല. നേച്ചറിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ പഠനം മരുന്ന് ഉപയോഗിക്കുന്നത് സുരക്ഷിതമാണെന്ന് തെളിയിക്കുന്നു,' ഡൽഹിയിലെ എം എ എം സി ജി ബി പന്ത് ഹോസ്പറ്റലിൽ മുൻ സീനിയർ പ്രിവന്റീവ് കാർഡിയോളജിസ്റ്റായ ഡോക്ടർ സുഭാഷ് സി ജയിൻ പറഞ്ഞു.ഏറ്റവും പുതുതായി പുറത്തുവന്ന പഠനം റാനിറ്റിഡിനിലെ എൻ ഡി എം എ ഉൾപ്പെട്ടിട്ടുണ്ട് എന്നതിനും ക്യാൻസർ ബാധയ്ക്ക് കാരണമാകും എന്ന വാദത്തിനും തെളിവില്ല എന്ന് പ്രസ്താവിക്കുന്നതാണ്. നെഞ്ചെരിച്ചിലിനുള്ള മരുന്നായ സാന്റാക്കും (റാനിറ്റിഡിൻ) ക്യാൻസറും തമ്മിൽ ബന്ധമുണ്ടെന്ന് ആരോപിച്ച് സമർപ്പിച്ച 2,500 കേസുകൾ ഫ്ലോറിഡ കോടതി തള്ളിക്കളഞ്ഞിരുന്നു. മുഴുവൻ കേസുകളും വികലമായ ശാസ്ത്രത്തെ അടിസ്ഥാനമാക്കി സമർപ്പിച്ചതാണെന്നും കോടതി വിലയിരുത്തി. മെച്ചപ്പെട്ട പരിശോധനയിൽ ക്യാൻസർ രോഗത്തിന് ഈ മരുന്ന് കാരണമാകുന്നില്ല എന്നും കോടതി പറഞ്ഞു.



# വിടവാങ്ങിയത് ചിരിയുടെ തമ്പുരാൻ

നിർമാതാവായി ചലച്ചിത്രരംഗത്തെത്തിയ ഇന്നസെന്റ് പിന്നീട് മലയാളഹാസ്യരംഗത്തെ മുടിചൂടാമന്നനായി മാറി. ശരീരഭാഷയും വ്യത്യസ്തമായ സംഭാഷണശൈലിയുമായിരുന്നു ഇന്നസെന്റിന്റെ കരുത്ത്. വർഷങ്ങളോളം താരസംഘടന അമ്മയുടെ പ്രസിഡന്റായിരുന്ന ഇന്നസെന്റ് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പിന്തുണയോടെ ലോക്സഭയിലെത്തി. ( കീീരലിഠവല മരഭ്യേ ഠവീ ാമറല വേല മൗറശലിരല ഹമൗഴവ ).തെക്കേത്തല വറീതിന്റെയും മർഗലീത്തയുടെയും മകനായി ഇരിങ്ങാലക്കുടയിൽ ജനിച്ച ഇന്നസെന്റ് എട്ടാം ക്ലാസ്സിൽ പഠിപ്പ് നിർത്തി. സിനിമാമോഹവുമായി ചെന്നൈയിലെത്തിയ ഇന്നസെന്റ് സിനിമയിൽ ചെറിയ വേഷങ്ങൾ ചെയ്തു. തിരികെയെത്തി ബിസിനസ് രംഗത്തേക്ക് കടന്നു. ബന്ധുക്കൾക്കൊപ്പം തീപ്പെട്ടിക്കമ്പനിയും സ്വന്തമായി ചെറുകിട സംരംഭങ്ങളും തുടങ്ങി. പിന്നീട് രാഷ്ട്രീയത്തിലേക്ക് കടന്ന ഇന്നസെന്റ് ഇരിങ്ങാലട മുനിസിപ്പൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടു. വീണ്ടും സിനിമയിലേക്ക്.1972ൽ പുറത്തിറങ്ങിയ നൃത്തശാലയാണ് ആദ്യ ചിത്രം.ഡേവിഡ് കാച്ചപ്പിള്ളിയുമായി ചേർന്ന് ശത്രു കംബൈൻസ് എന്ന സിനിമാ നിർമ്മാണ കമ്പനി തുടങ്ങി. ഈ ബാനറിൽ ഇളക്കങ്ങൾ, വിട പറയും മുൻപെ, ഓർമ്മക്കായ്, ലേഖയുടെ മരണം ഒരു ഫ്ലാഷ്ബാക്ക്, ഒരു കഥ ഒരു നുണക്കഥ തുടങ്ങിയ ചിത്രങ്ങൾ നിർമ്മിച്ചു.പിന്നീട് അഭിനയരംഗത്തെത്തി. ഹാസ്യനടനും സ്വഭാവനടനുമായി ശ്രദ്ധ പിടിച്ചുപറ്റി. സവിശേഷമായ ശരീരഭാഷയും തൃശൂർ ശൈലിയിലുള്ള സംഭാഷണവുമാണ് ഇന്നസെന്റിനെ ശ്രദ്ധേയനാക്കിയത്. പിന്നീട് അഞ്ച് പതിറ്റാണ്ടിലേറെ മലയാളചലച്ചിത്രരംഗത്തെ പകരംവക്കാനാകാത്ത സാന്നിധ്യമായി മാറി.2009-ലെ മികച്ച നടനുള്ള ഫിലിം ക്രിട്ടിക്സ് അവാർഡ് ഇന്നസെന്റിന് ലഭിച്ചു. കൂടാതെ, മികച്ച സഹനടനുള്ള സംസ്ഥാന സർക്കാർ അവാർഡും ഫിലിം ക്രിട്ടിക്സ് അവാർഡും മറ്റ് നിരവധി അംഗീകാരങ്ങളും ഇന്നസെന്റിനെ തേടിയെത്തി. ചലച്ചിത്ര താരങ്ങളുടെ സംഘടനയായ അമ്മയുടെ പ്രസിഡൻറ് സ്ഥാനത്ത് പതിനഞ്ച് വർഷം തുടർന്നു. 2014ൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പിന്തുണയോടെ ചാലക്കുടി നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.2013-ൽ അർബുദബാധിതനായി. വർഷങ്ങളോളം നീണ്ട ചികിൽസ. സിനിമയിൽ നിന്ന് ഇടവേളയെടുത്ത ചികിൽസാക്കാലം. അർബുദത്തെ അതിജീവിച്ച് തിരിച്ചെത്തിയ ഇന്നസെന്റ് കാൻസർ വാർഡിലെ ചിരി എന്ന പുസ്തകത്തിലൂടെ അക്കാലത്തെ അനുഭവങ്ങൾ എഴുതി.ആത്മകഥ ചിരിക്കു പിന്നിൽ, ഞാൻ ഇന്നസെന്റ് (സ്മരണകൾ), മഴക്കണ്ണാടി (ചെറുകഥാ സമാഹാരം) എന്നിങ്ങനെ രണ്ട് പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു.








## 'ഹെന്റമ്മേ...' എന്ന വിളിയിൽ മലയാളിയ്ക്ക് ചിരിച്ച് കണ്ണുനിറഞ്ഞു

സൈക്കിൾ മോഷ്ടാവ് ഭൈരവൻ ഡോക്ടർ പശുപതിയായപ്പോൾ പോക്കണംകോട് പഞ്ചായത്തിൽ മാത്രമല്ല കേരളക്കരയിലാകെ ചിരി പടർന്നു. ഈ ചിത്രത്തിലൂടെ ഷാജി കൈലാസിന്റെ ആദ്യ നായകനായി ഇന്നസെന്റ് മാറി. തീപ്പൊരി ഡയലോഗുകളുടെ സൃഷ്ടാവ് രഞ്ജി പണിക്കരായിരുന്നു ചിത്രത്തിന്റെ തിരക്കഥ. ഇന്നസെന്റ് നായകനായ ചിത്രങ്ങൾ കുറവെങ്കിലും ചിരിയുടെ നിറസാന്നിധ്യമായി താൻ എത്തുന്ന സിനിമകളുടെയെല്ലാം ശ്രദ്ധാകേന്ദ്രമായി മാറാൻ, കഥാപാത്രങ്ങളെ അനായാസമായ മെയ്‌വഴക്കത്തോടെ ഉൾക്കൊള്ളാൻ മലയാളികളുടെ ഇന്നച്ചന് ഒരു പ്രത്യേക കഴിവായിരുന്നു. ഉർവശി തീയറ്റേഴ്സ് ഉടമ മാന്നാർ മത്തായി. ശുദ്ധ ഹാസ്യത്തിന്റെ സമ്പൂർണ സന്നിവേശം ചിരിയടക്കാനാകാതെ മലയാളികൾ ശ്വാസം മുട്ടിപ്പോയ നിമിഷങ്ങൾ സമ്മാനിച്ച കഥാപാത്രമായി മാറി. പൈ സഹോദരന്മാരിലെ ഗണപതി പൈ, കാബൂളിവാലയിലെ കന്നാസ്, ക്രോണിക് ബാച്ചിലറിലെ കുരുവിള എല്ലാം നായകതുല്യ വേഷങ്ങൾ തന്നെയായിരുന്നു.മലയാള സിനിമയിലെ എണ്ണം പറഞ്ഞ ചില വില്ലൻ കഥാപാത്രങ്ങൾക്കും ജീവൻ നൽകി ഇന്നസെന്റ്. പൊന്മുട്ടയിടുന്ന താറാവിലെ പണിക്കരും മഴവിൽ കാവടിയിലെ ശങ്കരൻകുട്ടി മേനോനും കേളിയിലെ ലാസറും തസ്കരവീരനിലെ ഈപ്പച്ചനും ഒന്നിനൊന്ന് മികവാർന്നവയാണ്.ഒരുപാട് ഹിറ്റ് കഥാപാത്രങ്ങൾക്ക് പേര് നൽകിയതും ഇന്നസെന്റാണ്. ഗാന്ധി നഗർ സെക്കൻഡ് സ്ട്രീറ്റിലെ ഭീം സിങ് കാ ബേട്ട രാം സിങ്, തേന്മാവിൻകൊമ്പത്തിലെ കാർത്തുമ്പീ, ഫ്രണ്ട്സ് സിനിമയിൽ ശ്രീനിവാസൻ അവതരിപ്പിച്ച ചക്കച്ചാംപ്പറമ്പിൽ ജോയ്, നന്ദനത്തിലെ കുമ്പിടി എന്നിവ അതിൽ ചിലതുമാത്രം. മഹാബലിയെ മലയാളികൾ ഓർക്കുന്നത് ഇന്നസെന്റിന്റെ മുഖവും ശബ്ദവും ചേർത്തുവച്ചാണ്. നിർമാതാവ്, തിരക്കഥാകൃത്ത് എന്നീ നിലകളിലും തിളങ്ങിയ ഇന്നസെന്റ് അഞ്ച് സിനിമകൾക്ക് വേണ്ടി പിന്നണി ഗാനവും ആലപിച്ചിട്ടുണ്ട്.

## നിരവധി ചിത്രങ്ങളിൽ ഒന്നിച്ചെത്തി; ഒടുവിൽ വിടവാങ്ങിയതും ഒരേ ദിവസം തന്നെ

നിരവധി മലയാള സിനിമകളിൽ ഒന്നിച്ച് വേഷമിട്ട താരങ്ങളാണ് സുകുമാരിയും ഇന്നസെന്റും. ആകാശ ഗംഗ, തലയണ മന്ത്രം, അമ്മ അമ്മായി അമ്മ, നമ്പർ 1 സ്നേഹതീരം ബാംഗ്ലൂർ നോർത്ത്, വെട്ടം, അനന്ത വൃത്താന്തം, ഗജകേസരീ യോഗം ഇങ്ങനെ നീളുന്നു. കോമ്പിനേഷൻ സീനുകൾ കുറവാണെങ്കിലും ഇരവരും ചേർന്നെത്തുന്ന ചിത്രങ്ങളിലെ രംഗങ്ങൾ തീയേറ്ററുകളിൽ ആളുകളെ പൊട്ടിച്ചിരിപ്പിച്ചിരുന്നു. ആകാശ ഗംഗയിലെ ഭയപ്പെടുത്തലുകളിൽ നിന്ന് പ്രേക്ഷകർക്ക് അൽപം ആശ്വാസം നൽകിയത് മുത്തശ്ശിയായി സുകുമാരിയും മകനായി ഇന്നസെന്റും എത്തിയ ചില സീനുകളായിരുന്നു. തലയണമന്ത്രത്തിലും കരാട്ടെ മാസ്റ്ററായി ഇന്നസെന്റും സുലോചനാ തങ്കപ്പനായി സുകുമാരിയും കസറി.നമ്പർ 1 സ്നോഹതീരം ബാംഗ്ലൂർ നോർത്തിലെ കുര്യാക്കോസും സ്കൂൾ പിൻസിപ്പലുമായുള്ള രംഗങ്ങൾ മലയാളി പ്രേക്ഷകർക്ക് ഒരിക്കലും മറക്കാൻ സാധിക്കില്ല. 1990 ൽ പുറത്തിറങ്ങിയ അനന്തവൃത്താന്തത്തിലെ ഇരുവരും ചേർന്നുള്ള പ്രണയരംഗം ഇന്നും പ്രേക്ഷകരെ ചിരിപ്പിക്കുന്നു.






## അഭിനയത്തിൽ മാത്രമല്ല, സംഘടനാ പാടവത്തിലും ഏറെ മുന്നിൽ; അമ്മയുടെ പ്രസിഡന്റായത് 18 വർഷം തുടർച്ചയായി



അഭിനയം മാത്രമല്ല, സംഘടനാ പാടവവുമുണ്ടെന്ന് തെളിയിച്ച ഇന്നസെന്റ്, 2014ൽ ചാലക്കുടിയെ പ്രതിനിധീകരിച്ച് ലോക്സഭയിലെത്തി. 18 വർഷം തുടർച്ചയായി അമ്മയുടെ പ്രസിഡന്റായിരുന്നു. ആർഎസ്പി നേതാവായാണ് ഇന്നസെന്റിന്റെ രാഷ്ട്രീയ പ്രവേശം.പിതാവ് കമ്യൂണിസ്റ്റുകാരൻ ആയതിനാൽ തനിക്കും അങ്ങനെ ആകണമെന്നായിരുന്നു ആഗ്രഹം. എന്നാൽ നേരിട്ട് പാർട്ടി ഭാരവാഹിയാകണമെന്ന ആഗ്രഹം നടക്കാതെ വന്നപ്പോൾ ആർഎസ്പിയിൽ ചേർന്ന കഥ ഇന്നസെന്റ് പറഞ്ഞിട്ടുണ്ട്. 1970 ൽ ആർഎസ്പി തൃശൂർ ജില്ലാ പ്രസിഡന്റായി. ഒരു സ്ഥാനം തന്നാൽ നിൽക്കാമെന്ന് പറഞ്ഞപ്പോൾ പാർട്ടി വഴങ്ങുകയായിരുന്നു. 1979ൽ ഇരിങ്ങലക്കുട മുനിസിപ്പൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ പിന്നീട് ആർഎസ്പിയിൽ നിന്ന് ഇന്നസെന്റിനെ പുറത്താക്കുകയായിരുന്നു. 2006 ൽ നിയമസഭയിലക്ക് പരിഗണിച്ചെങ്കിലും മത്സരിച്ചില്ല.2014 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്വതന്ത്രനായി ചാലക്കുടിൽ നിന്ന് മത്സരിച്ചു. യുഡിഎഫ് സ്ഥാനാർത്ഥി പി സി ചാക്കോയെ പരാജയപ്പെടുത്തി കന്നിയങ്കത്തിൽ ജയിച്ച് പാർലമെന്റിലെത്തി. ചാലക്കുടിക്കാരുടെ പ്രിയപ്പെട്ട എംപിയായി. ഇടയ്ക്ക് വീണ്ടും കാൻസർ പിടിമുറുക്കി. എംപി ആയപ്പോൾ പാർട്ടിക്ക് നാല് വോട്ട് പിടിക്കാനല്ല ശ്രമിച്ചതെന്ന് ഇന്നസെന്റ് പറഞ്ഞിട്ടുണ്ട്. അഞ്ചിടത്ത് കാൻസർ പരിശോധനാ സംവിധാനങ്ങൾ സ്ഥാപിച്ചത് ഇന്നസെന്റ് പലവേദികളിലും എടുത്തു പറഞ്ഞിട്ടുണ്ട്.ഒരിക്കൽ എംപി ആയാൽ വീണ്ടും എംപി ആകാൻ തോന്നുമെന്നും അങ്ങനെ തോന്നിയാൽ ആരേയും കുറ്റംപറയാൻ കഴിയില്ലെന്നും ഒരിക്കൽ ഇന്നസെന്റ് പറഞ്ഞു. എന്നാൽ 2019 ൽ ചാലക്കുടിയിൽ നിന്ന് രണ്ടാമങ്കത്തിനിറങ്ങിയെങ്കിലും യുഡിഎഫ് സ്ഥാനാർത്ഥിയോട് പരാജയപ്പെട്ടു. ബെന്നി ബെഹനാനോടായിരുന്നു ഇന്നസെന്റിന്റെ തോൽവി. തുടർച്ചയായി 18 വർഷം സിനിമാ സംഘടന അമ്മയുടെ പ്രസിഡന്റായിരുന്നു ഇന്നസെന്റ്. ഇത്രയധികം വർഷം സ്ഥാനത്ത് തുടർന്നത് ഇഷ്ടപ്പെടാതിരുന്ന ഒരു കോൺഗ്രസ് എംപിയെക്കുറിച്ച് ഇന്നസെന്റ് പറഞ്ഞിട്ടുണ്ട്. മറ്റുള്ളവർക്കായി വഴിമാറിക്കൊടുക്കണം എന്നായിരുന്നു ആവശ്യം. ഒരു കമ്യൂണിസ്റ്റ്, അമ്മയുടെ പ്രസിഡന്റായി തുടരുന്നത് കോൺഗ്രസുകാരന് ഇഷ്ടപ്പെട്ടില്ലെന്നാണ് അതിന് ഇന്നസെന്റ് പറഞ്ഞത്.2017 ൽ നടി ആക്രമിക്കപ്പെട്ടപ്പോൾ പ്രതി ചേർക്കപ്പെട്ട ദിലീപിനെ സംഘടനയിൽ നിന്ന് പുറത്താക്കാൻ വൈകിയതും പിന്നീട് ഇന്നസെന്റ് നടത്തിയ ചില പരാമർശങ്ങളും വിവാദമായി. ഒടുവിൽ 2018 ൽ ഇന്നസെന്റ് അമ്മയുടെ പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞു.



# സൗദി വനിത ദേശീയ ടീമിന് ഫിഫ അംഗത്വം

സൗദി വനിത ദേശീയ ടീമിന് ഇന്റ്റർനാഷനൽ ഫെഡറേഷൻ ഓഫ് അസോസിയേഷൻ ഫുട്ബാളിൽ (ഫിഫ) അംഗത്വം. ടീം രൂപവത്കൃതമായി രണ്ടു വർഷത്തിനുള്ളിലാണ് ഈ നേട്ടം കൈവരിക്കാനായത്. തുടക്കം മുതൽ മികച്ച പ്രകടനം കാഴ്ച വെച്ച ടീം വലിയ നേട്ടങ്ങളോടെ മുന്നേറുകയായിരുന്നു.2021ലാണ് സൗദി അറേബ്യ ദേശീയ വനിത ടീം സ്ഥാപിച്ചത്. ഇതുവരെ ടീം ഒമ്പത് മത്സരങ്ങൾ കളിച്ചു. ഈ വർഷത്തിന്റ്റെ തുടക്കത്തിൽ സൗദി അറേബ്യ ആതിഥേയത്വം വഹിച്ച ആദ്യത്തെ വനിത സൗഹൃദ ടൂർണമെന്റ്റിൽ കിരീടം സ്വന്തമാക്കുകയുണ്ടായി. 8 മാസത്തെ തുടർച്ചയായ പ്രവർത്തനത്തിനും നേട്ടങ്ങൾക്കും ശേഷം വനിത ദേശീയ ടീം ഫിഫയിൽ പ്രവേശനം നേടിയതിൽ അഭിമാനിക്കുന്നുവെന്ന് വനിത ഫുട്ബാൾ അഡ്മിനിസ്ട്രേഷൻ ട്വിറ്ററിൽ കുറിച്ചു.ദേശീയ ടീം താരങ്ങൾ ഒന്നര വർഷംകൊണ്ട് നേടിയത് വലിയ നേട്ടമാണെന്ന് സൗദി ഫുട്ബാൾ അസോസിയേഷൻ പ്രസിഡന്റ്റും ഫിഫ കൗൺസിൽ അംഗവുമായ യാസർ അൽ മിസ്ഹലും പറഞ്ഞു.

EDITORS CHOICE

# റമദാൻ മാസികയുടെ ചരിത്രം

റമദാൻ മാസികയുടെ ചരിത്രം, ഉദ്ദേശ്യം, പരിശീലനംഇസ്ലാമിക ചാന്ദ്ര കലണ്ടറിലെ ഒമ്പതാമത്തെ മാസമാണ് റമദാൻ . മാസത്തിലെ അവസാന പൗർണ്ണമിയിൽ അത് ആരംഭിക്കുന്നു, ആ വർഷം അനുസരിച്ച് 29 അല്ലെങ്കിൽ 30 ദിവസം നീണ്ടുനിൽക്കുന്നു. മേയ്മാറിനും ജൂണിനുമുകളിൽ ഇത് പടിഞ്ഞാറുമായി ഉപയോഗിക്കുന്ന ഗ്രിഗോറിയൻ കലണ്ടറിലാണ്. ഈദുൽ ഫിത്തറിന്റെ വിശ്രമം റമദാൻ അവസാനവും അടുത്ത ചാന്ദ്ര മാസത്തിന്റെ തുടക്കവും അടയാളപ്പെടുത്തുന്നുറമദാൻ ആഘോഷം 610-ൽ ആഘോഷിക്കുന്നു. ഇസ്ലാമിക പാരമ്പര്യമനുസരിച്ച്, മുഹമ്മദ് നബിക്ക് ആദ്യമായി ഖുർആൻ വെളിപ്പെടുത്തിയിട്ടുണ്ട്.ലോകമെമ്പാടുമുള്ള മുസ്ലിംകൾ ദൈനംദിന ഉപവാസം, പ്രാർത്ഥന, ചാരിറ്റി പ്രവർത്തനങ്ങൾ എന്നിവയിലൂടെ തങ്ങളുടെ ആത്മീയ പ്രതിബദ്ധത പുതുക്കി വിളിക്കപ്പെടുന്നു. റമദാൻ ഭക്ഷണപാനീയങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നതിനേക്കാൾ ഏറെയാണ്. ആത്മാവിനെ ശുദ്ധീകരിച്ച്, ദൈവത്തെ ശ്രദ്ധിക്കുക, ആത്മനിയന്ത്രണവും ആത്മത്യാഗവും പ്രായോഗികമാക്കുക എന്നതു സമയമാണ്റമദാന മാസത്തിൽ ഉപവാസം ഉപവാസമെടുക്കുന്നത് മുസ്ലീം ജീവിതത്തെ രൂപപ്പെടുത്തുന്ന ഇസ്ലാമിന്റെ അഞ്ച് തൂണുകളിൽ ഒന്നാണ് . ഉപവാസത്തിൻറെ അറബി പദത്തിന് ഭക്ഷണവും പാനീയവും മാത്രമല്ല, ദുഷിച്ച പ്രവൃത്തികൾ, ചിന്തകൾ, വാക്കുകളുമായും 'ഒതുങ്ങുക' എന്നതാണ്.ശാരീരിക വേഗം സൂര്യോദയം മുതൽ സൂര്യാസ്തമനം വരെ പ്രതിദിനം നടക്കുന്നു. രാവിലെയും വൈകുന്നേരവും റമദാൻ ആചരിക്കുന്നവർക്ക് സൂരജിയെന്നു വിളിക്കപ്പെടുന്ന ഒരു പ്രീ-ഫാസ്റ്റ് ഭക്ഷണത്തിനായി ഒരുമിച്ചുകൂട്ടും. സന്ധ്യാസമയത്ത്, ഉപവാസം ഉദ്ദേഗം എന്നു വിളിക്കുന്ന ഒരു വിഭവം കൊണ്ട് തകർക്കപ്പെടും. ഭക്ഷണരീതികൾ വർഗീയമായിരിക്കാം, പക്ഷേ, വിപുലമായ കുടുംബങ്ങൾ ഭക്ഷണവും പള്ളികളുമൊക്കെ ഭക്ഷണത്തിനിടയിൽ സ്വീകരിച്ചാൽ, പ്രത്യേകിച്ചും സാമൂഹികബന്ധം.റംസാൻ മാസത്തിൽ ധാരാളം മുസ്ലിം വിശ്വാസികൾക്ക് പ്രാർഥന പ്രധാനമാണ്. ഒരു പ്രത്യേക മതസ്ഥർക്ക് വേണ്ടി ഒരു മുസ്ലീം പള്ളിയിൽ പങ്കെടുക്കാൻ മുസ്ലിംകളെ പ്രോത്സാഹിപ്പിക്കുന്നു. രാത്രിയിലെ പ്രാർത്ഥനകൾക്ക് താരിവില്ലി എന്നു വിളിക്കപ്പെടുന്നത് സാധാരണയായി, മാസാവസാനത്തെക്കുറിച്ച് ഖുർആൻ വീണ്ടും പ്രചരിപ്പിക്കുകയാണ് പതിവ് .റമദാൻ അവസാനിക്കുമ്പോൾ, അവസാനത്തെ ഉപവാസം അവസാനിക്കുന്നതിനു മുൻപായി മുസ്ലീങ്ങളും ടക്ബീർ എന്ന പ്രാർത്ഥന നടത്തുന്നുണ്ട് . അത് അല്ലാഹുവിനെ സ്തുതിക്കുകയും അവന്റെ മേധാവിത്വം അംഗീകരിക്കുകയും ചെയ്യുന്നു.ഇസ്ലാം അഞ്ച് തൂണുകളിൽ മറ്റൊന്നു സകാത്ത് അഥവാ സകാത്ത് നടത്തുക. തങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമായി പതിവായി ഒരു മുസ്ലീമിന് നൽകാൻ സന്നദ്ധരായി മുസ്ലിംകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു. അഥവാ, സദസ്ഖായേക്കാളും കൂടുതൽ ചാരിറ്റബിൾ സമ്പ്രദായമാവുന്നു. റമദാനിലെ ചില മുസ്ലീങ്ങൾ അവരുടെ വിശ്വസ്തതയുടെ പ്രകടനമായി പ്രത്യേകിച്ച് സദ്ഖായികളെ സന്മനസ്സാക്കാൻ തിരഞ്ഞെടുക്കുന്നു. ഈദുൽ ഫിത്തറിന്റെ ഇസ്ലാം വിശുദ്ധ ദിനത്തിൽ റമദാൻ അവസാനിക്കുന്നു, ചിലപ്പോൾ ഇദിദ് എന്ന് വിളിക്കപ്പെടുന്നു. ഇസ്ലാമിക ചാന്ദ്ര മാസമായ ശവ്വാലിന്റെ ആദ്യ ദിവസത്തിൽ ഈദി ആരംഭിക്കുന്നു. ആഘോഷം മൂന്നു ദിവസം വരെ നീണ്ടു നിൽക്കും.സുന്നത്തുൽ ഫജ്ർ എന്ന പേരിൽ ഒരു പ്രത്യേക പ്രാർഥനയോടെ പ്രഭാത സവാരി ഉണർവോടെ ആരംഭിക്കും.

അതിനു ശേഷം അവർ പല്ലുകൾ തുരുമ്പെടുത്ത്, നല്ല വസ്ത്രങ്ങൾ, സുഗന്ധം, കൊലോൺ എന്നിവ ധരിക്കണം. ' ഈദ് മുബാറക് ' ('അനുഗ്രഹിക്കപ്പെട്ട ഈദ്') അല്ലെങ്കിൽ 'ഈദ് സൈൻ' ('സന്തോഷകരമായ ഈദ്') എന്ന് പറഞ്ഞുകൊണ്ട് പാശ്ചാത്യരെ അഭിവാദ്യം ചെയ്യുന്നു. റമദാന പോലെ, ഒരു പള്ളിയിൽ പ്രത്യേക പ്രാർഥനകളുടെ പാരായണം പോലെ, ഈദ് ദിനത്തിൽ ദാനധർമ്മങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.റമദാൻ നിരീക്ഷിക്കുന്നത് സംബന്ധിച്ച പ്രാദേശിക വ്യത്യാസങ്ങൾ സാധാരണമാണ്.ഉദാഹരണമായി ഇന്തോനേഷ്യയിൽ, റമദാൻ ആഘോഷങ്ങൾ സംഗീതത്തോടൊപ്പം പതിവായി നിരീക്ഷിക്കുന്നു. നിങ്ങൾ എവിടെയായിരുന്നാലും, വേഗതയുടെ ദൈർഘ്യം വ്യത്യസ്തമായിരിക്കും. മിക്ക സ്ഥലങ്ങളിലും 11 മുതൽ 16 മണിക്കൂർ വരെ പകൽ സമയത്ത് റമദാൻ സമയത്ത്. ചില ഇസ്ലാമിക ആചാരങ്ങളിൽ നിന്ന് വ്യത്യസ്തമായി, റമദാൻ സുന്നികളും ഷിയാ മുസ്ലീങ്ങളും തുല്യ ആദരവുള്ളതാണ്.



RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com